# AKPCTA Bulletin

**6**

Foreword ○ Annual Report (1977-78) ○ Annual Accounts for the year ended 31-12-1977 ○ Balance Sheet as on 31-12-1977 ○ Auditor's Report ○ Explanation to the Audit Report ○ Budget for the year 1978-79.

**March 1978**

109

MONTHLY JOURNAL OF
THE ALL-KERALA PRIVATE COLLEGE TEACHERS' ASSOCIATION

# യു. ജി. സി. സ്കെയിലുകൾ അനുവദിക്കുക.

യു. ജി. സി. ശമ്പള നിരക്കുകളെപ്പററി ഇതേ പംക്തികളിൽ ഞങ്ങൾ പലപ്രാവശ്യം എഴുതിയിട്ടുണ്ട്. പുരോഗമനസർക്കാരെന്നു സ്വയം ഉൽഘോഷിക്കുന്ന കേരള സർക്കാർ മാത്രമാണ് സ്കെയിലുകൾ നടപ്പാക്കുന്ന കാര്യത്തിൽ നിഷേധാത്മകമായ ഒരു നിലപാട് സ്വീകരിച്ചിട്ടുള്ളത്. മററെല്ലാ സംസ്ഥാനങ്ങളും അംഗീകരിച്ചുകഴിഞ്ഞ ശമ്പള നിരക്കുകളോടും അവയുടെ പിന്നിലെ തത്വങ്ങളോടും നമ്മുടെ സർക്കാർ കൈക്കൊണ്ടിരിക്കുന്ന സമീപനം അദ്ധ്യാപകാവകാശ നിഷേധ വ്യഗ്രത മാത്രമെ വിളംബരം ചെയ്യുന്നുള്ളു.

അദ്ധ്യാപകരുടെ ആവശ്യം തികച്ചും ന്യായമാണെന്ന് കേരളത്തിലെ മിക്കവാറും എല്ലാ രാഷ്ട്രീയ കക്ഷികളും ട്രേഡ്‌യൂണിയനുകളും ഇതിനകം അഭിപ്രായപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. പൊതുജനജിഹ്വകളായ പല പത്രങ്ങളും ഇക്കാര്യത്തെപ്പററി അനുകൂലമായ മുഖപ്രസംഗങ്ങളും എഴുതിയിട്ടുണ്ട്.

1974 മുതൽ നിരന്തരമായി ഉന്നയിച്ചുകൊണ്ടിരിക്കുന്ന ഈ ആവശ്യത്തെപ്പററി സർക്കാർ ഇനിയും ഒരു തീരുമാനത്തിൽ എത്തിയിട്ടില്ലാ എന്നതു് തികച്ചും നിർഭാഗ്യകരം തന്നെ. ഉന്നത വിദ്യാഭ്യാസമേഖലയിലെ മുഴുവൻ അദ്ധ്യാപകരും ഇന്ന് സമരരംഗത്താണ്. നിശ്ചയദാർഢ്യത്തോടു കൂടിയുള്ള ഈ സമരം ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉന്നത വിദ്യാഭ്യാസമേഖലയിലുണ്ടാക്കുമെന്നുള്ളതു് നിസ്സംശയമാണ്. ഉത്തരക്കടലാസുകൾ പരിശോധിക്കുകയില്ല എന്നുള്ള സമരമാർഗ്ഗം വിദ്യാർത്ഥികൾക്കെതിരെയുള്ള ഒരു സമരമാണെന്ന് ചില കുത്സിതവൃത്തങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്. ചില കുത്തകപ്പത്രങ്ങളും ഇവക്കു കൂട്ടിനുണ്ട്. എന്നാൽ സർക്കാരും വിദ്യാർത്ഥികളും ഇത്തരം ദുഷ്പ്രചരണങ്ങളിൽ കുടുങ്ങരുതു് എന്നു മാത്രമാണ് ഞങ്ങളുടെ അഭ്യർത്ഥന.

ഉത്തരക്കടലാസുകളുടെ പരിശോധനാ ബഹിഷ്ക്കരണം സർക്കാരിനു പ്രശ്നം പൂർണ്ണമായി പഠിക്കുവാനും പരിഹരിക്കുവാനുമുള്ള ഒരു സന്ദർഭംകൂടി നൽകുമെന്നാണ് അദ്ധ്യാപകരുടെ പ്രത്യാശ. വളരെയേറെ സാദ്ധ്യായദിവസങ്ങൾ നഷ്ടപ്പെട്ട ഈ വർഷം സമരംമൂലം ഇനിയും നഷ്ടമുണ്ടാകരുതെന്ന് അദ്ധ്യാപകർ ആഗ്രഹിച്ചു. വിദ്യാർത്ഥികൾക്ക് പരീക്ഷകൾ എഴുതാൻ തടസ്സമുണ്ടാകരുതെന്നു കരുതിയാണ് പരീക്ഷാനടത്തിപ്പിൽ സഹകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതു്. ഉത്തരക്കടലാസുകൾ പരിശോധിക്കുക സാധാരണഗതിയിൽ മേയ്, ജൂൺ മാസങ്ങളിലായിരിക്കും. അതിനുമുമ്പ് സർക്കാർ ഇക്കാര്യത്തിൽ ആവശ്യമായ കൂടിയാലോചനകൾ നടത്തി പ്രശ്നം രമ്യമായി പരിഹരിക്കണമെന്നാണ് ഞങ്ങൾക്കു പറയുവാനുള്ളതു്. സർക്കാർ അതിനു തയ്യാറാകുന്നില്ലെങ്കിൽ, വിദ്യാർത്ഥിവർഗ്ഗത്തോട് ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ സർക്കാർ വീഴ്ചവരുത്തുന്നു എന്നു മാത്രമാണർത്ഥം.

അദ്ധ്യാപകരുടെ ന്യായമായ ഈ ആവശ്യം അംഗീകരിക്കുന്നതിൽ കാലവിളംബം ഉണ്ടാക്കരുതെന്ന് ഞങ്ങൾ ഒരിക്കൽ കൂടി സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

# സിലബസ് പരിഷ്കരണം.

എ. കെ. പി. സി. ററി. എ. ഏറെറടുത്തിട്ടുള്ള സിലബസ് പരിഷ്കരണ സംരംഭത്തോടനുബന്ധിച്ച് പ്രീ-ഡിഗ്രി തലത്തിൽ ഇംഗ്ലീഷ്, ഹിസ്റ്ററി, ഇക്കണോമിക്സ്, മാത്തമാററിക്സ്, ഫിസിക്സ്, കോമേഴ്സ് എന്നീ വിഷയങ്ങൾക്ക് കരട് സിലബസ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

വിദ്യാഭ്യാസത്തിൻെറ ഉള്ളടക്കത്തിൽ വരേണ്ടമാററങ്ങൾ – പ്രത്യേകിച്ചും ജനജീവിതവുമായി വിദ്യാഭ്യാസത്തെ ബന്ധപ്പെടുത്തുക, തൊഴിലധിഷ്ടിതമാക്കുക എന്നിവ – കൂടി ഉൾക്കൊള്ളിച്ചുകൊണ്ടായിരിക്കണം കരട് തയ്യാറാക്കേണ്ടതെന്നതാണ്, അസ്സോസിയേഷൻെറ കാഴ്ചപ്പാട്. അതതു വിഷയങ്ങളിൽ വൈദഗ്ധ്യം നേടിയവരുമായും N. C. E. R. T. തുടങ്ങിയ സ്ഥാപനങ്ങളുമായും ബന്ധപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ താൽപര്യമുള്ള എല്ലാ അദ്ധ്യാപക സുഹൃത്തുക്കളുടേയും അഭിപ്രായങ്ങൾ അസ്സോസിയേഷൻ സ്വാഗതം ചെയ്യുന്നു. നിർദ്ദേശങ്ങൾ ബന്ധപ്പെട്ട കമ്മിററി കൺവീനർമാർക്ക് കഴിയുന്നത്രവേഗം അയച്ചുകൊടുക്കണമെന്നഭ്യർത്ഥിക്കുന്നു.

വിലാസം.

1 ഇംഗ്ലീഷ്. ശ്രീ. ജി. മാധവൻ നായർ
എൻ. എസ്. എസ്. കോളേജ്, നിലമേൽ.

2 ഹിസ്റ്ററി. ശ്രീ. ടി. രാജൻ
എസ്. കെ. വി. കോളേജ്, തൃശ്ശൂർ.

3 ഇക്ണോമിക്സ്. ശ്രീ. പി. രവീന്ദ്രനാഥ്,
എൻ. എസ്. എസ്. കോളേജ്, മട്ടന്നൂർ

4 മാത്തമാററിക്സ്. പ്രൊഫ. എൻ. ജെ. ജേക്കബ്
സി. എം. എസ്. കോളേജ്, കോട്ടയം.

5 ഫിസിക്സ്. പ്രൊഫ. കെ. സി. ചാക്കോ
കണ്ടഞ്ചിറ, കോട്ടയം–4.

6. കോമേഴ്സ്. ശ്രീ. കെ. ദാമോദരൻ
എസ്. കെ. വി. കോളേജ്, തൃശ്ശൂർ.

# THE ALL-KERALA PRIVATE COLLEGE TEACHERS' ASSOCIATION

(Affiliated to the All-India Federation of University and College Teachers' Organisations.)

## 1977 ഫെബ്രുവരി 1 മുതൽ 1978 ജനുവരി 31 വരെയുള്ള

## പ്രവർത്തന റിപ്പോർട്ട്.

എ. കെ. പി. സി. ററി. എ. യുടെ കഴിഞ്ഞ 12 മാസത്തെ പ്രവർത്തന റിപ്പോർട്ട് ബഹുമാനപ്പെട്ട സ്റ്റേററ് കൗൺസിൽ അംഗങ്ങളുടെ വിശദമായ പരിഗണനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുവാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. അംഗങ്ങളുടെ അനുമതിയോടുകൂടി ആ കർമ്മം ഞാൻ നിർവഹിച്ചുകൊള്ളട്ടെ.

### എ. കെ. പി. സി. ററി. എ. ഒൻപതാം (തൃശ്ശൂർ) കൺവെൻഷൻ

(5th and 6th February, 1977)

ഫെബ്രുവരി 5, 6 തീയതികളിൽ തൃശ്ശൂർ സെൻററ് തോമസ് കോളേജിൽ വച്ച് നടന്ന നമ്മുടെ സംഘടനയുടെ ഒൻപതാം കൺവെൻഷനോടുകൂടിയാണ് റിപ്പോർട്ടുവർഷത്തെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഫെബ്രുവരി 5-ാംനു- രാവിലെ 9-30-ന് അസ്സോസിയേഷൻ പ്രസിഡൻറ് പ്രൊഫസ്സർ എം. ആർ. ചന്ദ്രശേഖരൻ പതാക ഉയർത്തിയതോടെ കൺവെൻഷൻ പരിപാടികൾ സമാരംഭിച്ചു. അന്നേദിവസം ചേർന്ന സംസ്ഥാന നിർവാഹക സമിതി- സംസ്ഥാന കമ്മിററിയോഗങ്ങൾ കൺവെൻഷനിൽ അവതരിപ്പിക്കേണ്ട "അവകാശപത്രിക"യ്ക്ക് രൂപംനൽകി. ഫെബ്രുവരി 6-ാംനു- രാവിലെ 10 മണിക്ക് നടന്ന വിദ്യാഭ്യാസ സമ്മേളനത്തിൽ ശ്രീ. എൻ. കാളീശ്വരൻ അദ്ധ്യക്ഷതവഹിച്ചു. പ്രൊഫസ്സർ ആർ. രാമചന്ദ്രൻ നായർ പ്രബന്ധമവതരിപ്പിച്ചു. ശ്രീ. എ. സി. ജോസ്, ശ്രീ. ഐ. ജി. മേനോൻ, ശ്രീ. തായാട്ട ശങ്കരൻ, ഡോക്ടർ. കെ. രാമവർമ്മ, ശ്രീ. പി. രവീന്ദ്രനാഥ് തുടങ്ങിയവർ പ്രസംഗിച്ചു. ഉച്ചയ്ക്ക് 2 മണിക്ക് പ്രതിനിധി സമ്മേളനം നടന്നു. അദ്ധ്യാപകരുടെ നിരവധി ആവശ്യങ്ങളെക്കുറിച്ച് സമ്മേളനം വിശദമായി ചർച്ച ചെയ്തു. മൗലികപ്രാധാന്യമുള്ള 52 ആവശ്യങ്ങളടങ്ങിയ ഒരു "അവകാശപത്രിക" സമ്മേളനം അംഗീകരിക്കുകയും ചെയ്തു. വൈകിട്ട് 5 മണിക്ക് നടന്ന പൊതുസമ്മേളനത്തിൽ പ്രൊഫ. സുകുമാർ അഴീക്കോട്ട് അദ്ധ്യക്ഷനായിരുന്നു. സമ്മേളനത്തിൽ വച്ച് എ. കെ. പി. സി. ററി. എ. യുടെ സ്ഥാപകനേതാക്കളിൽ ഒരാളായ പ്രൊഫ. വി. ആർ. എസ്സ്-ന്, കേരളത്തിലെ സ്വകാര്യ കോളേജദ്ധ്യാപകരുടെ സ്നേഹാദരങ്ങളുടെ സൂചനയായി, സമുചിതമായ യാത്ര അയപ്പും പണക്കിഴിയും നൽകി. കൺവെൻഷനോട സംബന്ധിച്ച് നാം തയ്യാറാക്കിയ സുവനീർ പ്രൊഫ. സുകുമാർ അഴീക്കോട്ട് പ്രകാശനം ചെയ്തു. നമ്മുടെ കൺവെൻഷനോടനുബന്ധിച്ച് ഒരു സുവനീർ ആദ്യമായാണ് നാം

പുറത്തിറക്കിയതെന്ന് ഇവിടെ എടുത്തുപറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ അദ്ധ്യാപകർക്ക് വിവിധ തരത്തിലുള്ള ആനുകൂല്യങ്ങൾ നൽകുക എന്ന മഹത്തായ ലക്ഷ്യത്തോടെ നമ്മുടെ സംഘടന രൂപീകരിച്ച "ആൾ-കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് വെൽഫെയർ ട്രസ്റ്റി''ന്റെ ഔപചാരികമായ ഉത്ഘാടനവും പൊതുസമ്മേളനത്തിൽവെച്ച് നടന്നു. പ്രൊഫ. കെ. സി. ചാക്കോയിൽ നിന്നും ട്രസ്റ്റ് ഫണ്ടിലേയ്ക്കുള്ള അദ്ദേഹത്തിന്റെ സബ്സ്ക്രിപ്ഷൻ തുക വാങ്ങിക്കൊണ്ടാണ് പ്രൊഫ. വി. ആർ. എസ്. വെൽഫെയർ ട്രസ്റ്റ് ഔപചാരികമായി ഉത്ഘാടനം ചെയ്തത്.

മുഖ്യമായും മൂന്ന് ആവശ്യങ്ങളാണ് തൃശ്ശൂർ കൺവെൻഷൻ ഉന്നയിച്ചത്.

1. യു. ജി. സി. സ്കെയിലുകൾ കേരളത്തിൽ ഉടനടി നടപ്പാക്കുക;
2. സ്വകാര്യ കോളേജദ്ധ്യാപകർക്ക് നിയമദത്തമായ സംരക്ഷണം നൽകുക;
3. സ്വകാര്യമാനേജ്മെന്റുകൾ നടത്തുന്ന വ്യാപകമായ അഴിമതി അവസാനിപ്പിക്കുവാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുക.

നമ്മുടെ സേവനരംഗത്തെ സംശുദ്ധമാക്കുന്നതിനും നമുക്കർഹതപ്പെട്ടതെല്ലാം നേടിയെടുക്കുന്നതിനും തികച്ചും നൂതനമായ ചില ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനും വേണ്ടിയുള്ള സമരങ്ങളുടേയും പരിശ്രമങ്ങളുടേയും കാലഘട്ടത്തിന്റെ ആരംഭത്തെയാണ് നമ്മുടെ ഒൻപതാം കൺവെൻഷൻ കുറിച്ചത്.

1976-77 വർഷത്തെ അസ്സോസിയേഷന്റെ സംസ്ഥാന കമ്മിററി, സംസ്ഥാന കൗൺസിൽ എന്നിവകളുടെ വാർഷികയോഗങ്ങളും 1977-78 വർഷത്തെ അസ്സോസിയേഷൻ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും 1977 മാർച്ച് 27-ാംനു- എറണാകുളത്തു നടന്നു. സ്റ്റേററ് റിട്ടേണിംഗ് ഓഫീസറായ പ്രൊഫ. സി. കെ. ഭരതവർമ്മയാണ് തെരഞ്ഞെടുപ്പുകൾ നടത്തിയത്.

## 1977-'78 വർഷത്തെ അസ്സോസിയേഷന്റെ വിവിധ തലങ്ങളിലുള്ള ഭാരവാഹികൾ.

| | |
|---|---|
| പ്രസിഡന്റ്. | പ്രൊഫ. ആർ. രാമചന്ദ്രൻ നായർ, എൻ. എസ്. എസ്. കോളേജ്, ഒററപ്പാലം. |
| വൈസ് പ്രസിഡന്റ്. | പ്രൊഫ. ടി. പി. മുഹമ്മദ്കുഞ്ഞി, എസ്. എസ്. കോളേജ്, തളിപ്പറമ്പ്. |
| ജനറൽ സെക്രട്ടറി. | പ്രൊഫ. ടി. ഗോപാലകൃഷ്ണൻ, എസ്. എൻ. കോളേജ്, ചേർത്തല. |
| ജോയിന്റ് സെക്രട്ടറി. | ശ്രീ. പി. രവീന്ദ്രനാഥ്, എൻ. എസ്. എസ്. കോളേജ് മട്ടന്നൂർ. |
| ട്രഷറർ. | ശ്രീ. ടി. എം. ജോസഫ്, സെന്റ് തോമസ് കോളേജ്, കോഴഞ്ചേരി. |

**ഉത്തരമേഖല.**

| | |
|---|---|
| പ്രസിഡന്റ്. | ശ്രീ. വി. നാരായണൻകുട്ടി, ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്. |
| വൈസ് പ്രസിഡന്റ്. | ശ്രീ. പി. എൻ. നാരായണൻ, സെന്റ് അലോഷ്യസ് കോളേജ്, എൽത്തുരുത്ത്, തൃശ്ശൂർ. |
| സെക്രട്ടറി. | ശ്രീ. സി. കെ. വർഗ്ഗീസ്, ശ്രീ കേരളവർമ്മ കോളേജ്, തൃശ്ശൂർ. |
| ജോയിന്റ് സെക്രട്ടറി. | ശ്രീ. പി. വി. ശ്രീധരൻ, എസ്. എൻ. കോളേജ്, കണ്ണൂർ. |
| ട്രഷറർ. | ശ്രീ. വി. കെ. രവീന്ദ്രനാഥ്, മലബാർ ക്രിസ്ത്യൻ കോളേജ്, കോഴിക്കോട്. |

ദക്ഷിണമേഖല

പ്രസിഡൻറ്. പ്രൊഫ. ജി. മാധവൻ നായർ, എൻ. എസ്. എസ്. കോളേജ്, നിലമേൽ.

വൈസ്പ്രസിഡന്റ്. ശ്രീ. ജോർജ് ഓണക്കൂർ, മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം.

സെക്രട്ടറി. ശ്രീ. എൻ. എം. ജോസഫ്, സെൻറ് തോമസ് കോളേജ്, പാലാ.

ജോയിന്റ്സെക്രട്ടറി. ശ്രീ. പി. കെ. കുമാരദാസ്, എസ്. എൻ. എം. കോളേജ്, മാല്യങ്കര.
(25-9-'77ന് ശ്രീ. കുമാരദാസ് സ്ഥാനം രാജിവച്ചു)

ട്രഷറർ. ശ്രീ. പി. ജി. ചന്ദ്രശേഖരൻ നായർ, ഡി. ബി. കോളേജ്, തലയോലപ്പറമ്പ്.

**ജില്ലാ ഭാരവാഹികൾ.**

1. തിരുവനന്തപുരം

പ്രസിഡൻറ്. ശ്രീ. കെ. വി. ആൻറണി, ഇക്ബാൽ കോളേജ്, പെരിങ്ങമ്മല

സെക്രട്ടറി. ശ്രീ. സി. കെ. രവി, എസ്. എൻ. കോളേജ്, ശിവഗിരി, വക്കല

2. കൊല്ലം

പ്രസിഡൻറ് ശ്രീ. എ. ആൻറണി

സെക്രട്ടറി ശ്രീ. എസ്.എസ്.ബി.ആർ. പ്രസാദ്, ഡി. ബി. കോളേജ്, ശാസ്താംകോട്ട.

('77 മാർച്ചിൽ തെരഞ്ഞെടുക്കപ്പെട്ട ശ്രീ. പി. ശബരിനാഥൻ നായർ, കൊല്ലം ജില്ലയിൽ നിന്നും അദ്ദേഹം സ്ഥലംമാററപ്പെട്ടപ്പോൾ, സെക്രട്ടറിസ്ഥാനം രാജിവച്ചു. അതിനെ ത്തുടർന്ന് നോമിനേററുചെയ്യപ്പെട്ട സെക്രട്ടറിയാണ് ശ്രീ. പ്രസാദ്)

3. ആലപ്പുഴ

പ്രസിഡൻറ് ശ്രീ. ജി. കരുണാകരൻ പിള്ള, എൻ.എസ്.എസ്. കോളേജ് പന്തളം

സെക്രട്ടറി ശ്രീ. ഡേവിഡ് എബ്രഹാം, ക്രിസ്ത്യൻ കോളേജ്, ചെങ്ങന്നൂർ

5. കോട്ടയം-ഇടുക്കി

പ്രസിഡൻറ് പ്രൊഫ. എൻ. ജെ. ജേക്കബ്, സി. എം. എസ്. കോളേജ്, കോട്ടയം

സെക്രട്ടറി ശ്രീ. ററി.സി. ഇമ്മാനുവൽ, സെൻറ് ജോർജ്സ് കോളേജ്, അരുവിത്തുറ.

5. എറണാകുളം

പ്രസിഡൻറ് ശ്രീ. പി. ബാബുജോസ്, എസ്. എച്ച്. കോളേജ് തേവര.

സെക്രട്ടറി ശ്രീ. ജോയി കളവേലിൽ, യു. സി. കോളേജ്, ആലുവാ.

6. തൃശ്ശൂർ.

പ്രസിഡൻറ് — ശ്രീ. കെ. പി. എബ്രഹാം, സെൻറ് തോമസ് കോളേജ്, തൃശ്ശൂർ.

സെക്രട്ടറി — ശ്രീ. പി. ഗോപാലകൃഷ്ണൻ നായർ, ശ്രീകൃഷ്ണാകോളേജ്, ഗുരുവായൂർ.

7. പാലക്കാട്

പ്രസിഡൻറ് — ശ്രീ. കെ. ആർ. വേലായുധൻ, എസ്. എൻ. കോളേജ്, ആലത്തൂർ (30-3-'77ന് മേഖലാ പ്രസിഡൻറ് നോമിനേററുചെയ്തു.)

സെക്രട്ടറി — ശ്രീ. ടി; എൻ. രാമൻ പിള്ള, എൻ. എസ്. എസ്. കോളേജ്, ഒററപ്പാലം.

8. മലപ്പുറം

പ്രസിഡൻറ് — ശ്രീ. കെ. പി. സേതുമാധവൻ, എം. ഇ. എസ്. കോളേജ്, മമ്പാട്

സെക്രട്ടറി — ശ്രീ. കെ. സദാശിവൻ നായർ, എൻ. എസ്. എസ്. കോളേജ്, മഞ്ചേരി.

9. കോഴിക്കോട്

പ്രസിഡൻറ്. — ശ്രീ. കെ. ഗോപാലകൃഷ്ണൻ, മലബാർ ക്രിസ്റ്റ്യൻ കോളേജ്, കോഴിക്കോട്

സെക്രട്ടറി — ശ്രീ. കെ. പി. ആർ. മേനോൻ, ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്

10. കണ്ണൂർ

പ്രസിഡൻറ് — പ്രൊഫ. എ. കെ. രാഘവൻ നമ്പ്യാർ, പയ്യന്നൂർ കോളേജ്, പയ്യന്നൂർ

സെക്രട്ടറി — ശ്രീ. കെ. വിജയശങ്കർ, വി. ആർ. എൻ. എസ്. എസ്. കോളേജ്, മട്ടന്നൂർ

## സ്റ്റേററ് കമ്മററിയിലേക്ക തെരഞ്ഞെടുക്കപ്പെട്ടവർ

ഉത്തരമേഖല

1 ശ്രീ. കെ. അരവിന്ദൻ, എസ്. എൻ. കോളേജ്, നാട്ടിക.
2 പ്രൊഫ. ഐ. ജി. ഭാസ്കരപ്പണിക്കർ, ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്
3 ശ്രീ. ററി.കെ. ഗോപാലകൃഷ്ണൻ നായർ, എൻ.എസ്.എസ്.കോളേജ്, നെമ്മാറ. (തെരഞ്ഞെടുക്കപ്പെട്ടശേഷം പന്തളം എൻ. എസ്. എസ്. കോളേജിലേക്ക സ്ഥലം മാററപ്പെട്ടു.)
4 ശ്രീ. എം. ജനാർദ്ദനൻ നായർ, നെഹ്റു കോളേജ്, കാഞ്ഞാങ്ങാട്.
5 ശ്രീ. ജി. ഷാജി, സെൻറ് മേരീസ് കോളേജ്, സുൽത്താൻബത്തേരി

ദക്ഷിണമേഖല

1 ശ്രീ. കെ. പി. ദിവാകരൻ നായർ, വി. റ്റി. എം. എൻ. എസ്. കോളേജ്, ധനുവച്ചപുരം.
2 ശ്രീ. പി. എം. ജോസഫ്, റ്റി. കെ. എം. എം. കോളേജ്, നങ്ങ്യാർകുളങ്ങര
3 ശ്രീ. സി. ആർ. മോഹനൻ നായർ, എസ്. ഡി. കോളേജ്, ആലപ്പുഴ.
4 ശ്രീ. പി. നരേന്ദ്രൻ, എൻ. എസ്. എസ്. കോളേജ്, ചേർത്തല.
5 ശ്രീ. ബി. സുശീലൻ, എസ്. എൻ. കോളേജ്, പുനലൂർ. (തെരഞ്ഞെടുക്കപ്പെട്ട ശേഷം റ്റി. കെ. എം. എം. കോളേജിലേക്കു സ്ഥലം മാറ്റപ്പെട്ടു)

## ലെയ്സൺ ഓഫീസർമാർ, പബ്ലിസിറ്റി ഓഫീസർ

1977 ഏപ്രിൽ 17-ാംനു ചേർന്ന 1977-78 വർഷത്തെ സംസ്ഥാന പ്രവർത്തക സമിതിയുടെ ആദ്യയോഗം പ്രൊഫ കെ. സി. ചാക്കോ (മെമ്പർ, കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ്) യെ ദക്ഷിണമേഖല ലെയ്സൺ ഓഫീസറായും, പ്രൊഫ. എം. ആർ. ചന്ദ്രശേഖര (മെമ്പർ, കോഴിക്കോട്ട് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ്) നെ ഉത്തരമേഖല, ലെയ്സൺ ഓഫീസർ ആയും ജോയിന്റ് സെക്രട്ടറി ശ്രീ. പി. രവീന്ദ്രനാഥിനെ പബ്ലിസിറ്റി ഓഫീസർ ആയും നിയമിച്ചു.

**അംഗസംഖ്യ:—**

അസ്സോസിയേഷന്റെ ബ്രാഞ്ചുകളുടെ എണ്ണത്തിലും മൊത്തം അംഗസംഖ്യയിലും വർദ്ധനവ് റിപ്പോർട്ട് വർഷത്തിലും ഉണ്ടായി. തിരുവനന്തപുരം ആൾ സെയിന്റ്സ് കോളേജിലും മലബാറിലെ പോക്കർ സാഹിബ് മെമ്മോറിയൽ ഓർഫനേജ് കോളേജിലും അസ്സോസിയേഷന് പുതിയ ബ്രാഞ്ചുകൾ ഉണ്ടായി. ഇടക്കാലത്ത് പ്രവർത്തന രഹിതമായ കൊച്ചിൻ കോളേജ്, മാർ അത്തനേഷ്യസ് കോതമംഗലം എന്നിവിടങ്ങളിലെ ബ്രാഞ്ചുകൾ ഈ വർഷം സജ്ജീവമായി. അങ്ങിനെ, കഴിഞ്ഞവർഷത്തെതിനേക്കാൾ നാലു ബ്രാഞ്ചുകൾ റിപ്പോർട്ട് വർഷത്തിൽ കൂടുതലായുണ്ട്. റിപ്പോർട്ട് വർഷത്തെ അംഗസംഖ്യ (as on 31-1-'78) **2753** ആണ്. കഴിഞ്ഞ വർഷം **2500** അംഗങ്ങളാണുണ്ടായിരുന്നത്. ഈ വർഷം നാല് അദ്ധ്യാപകർ ലൈഫ് മെമ്പർഷിപ്പ് എടുത്തു. മൊത്തം ലൈഫ് മെമ്പറന്മാരുടെ എണ്ണം 52 ആണ്.

**യോഗങ്ങൾ:—**

റിപ്പോർട്ട് വർഷത്തിൽ സംസ്ഥാന കൗൺസിൽ, സംസ്ഥാന കമ്മിറ്റി എന്നിവ മൂന്നു പ്രാവശ്യം വീതവും സ്റ്റേറ്റ് വർക്കിംഗ് കമ്മിറ്റി 9 പ്രാവശ്യവും യോഗം ചേർന്നു. കൂടാതെ 9-ാം കൺവെൻഷനോടനുബന്ധിച്ച് സ്റ്റേറ്റ് കമ്മിറ്റിയും സ്റ്റേറ്റ് വർക്കിംഗ് കമ്മിറ്റിയും ഓരോ പ്രാവശ്യം വീതം യോഗം ചേർന്നിരുന്നു. അസ്സോസിയേഷന്റെ വിവിധ സമിതികൾ യോഗം ചേർന്ന് കൈക്കൊണ്ട തീരുമാനങ്ങൾ ബ്രാഞ്ചുകളേയും അംഗങ്ങളേയും യഥാകാലം സർക്കുലറുകൾവഴി അറിയിച്ചിട്ടുണ്ട്. "അവകാശദിനാചരണം" ഭീമഹർജ്ജിയിൽ ഒപ്പുശേഖരണം, ഡെപ്യൂട്ടി ഡി. സി. ഇ. ഓഫീസുകൾക്കു മുന്നിലും സെക്രട്ടേറിയറ്റ് നടയിലും കൂട്ടപ്രകടനം, ധർണ്ണ തുടങ്ങിയവ സംബന്ധിച്ച് സർക്കലറുകൾ ബ്രാഞ്ചുകൾക്കയച്ചിട്ടുണ്ട്. അസ്സോസിയേഷൻ സമിതി യോഗങ്ങളുടെ തീരുമാന

ങ്ങൾക്ക് പരമാവധി പ്രചാരണം നൽകുവാൻ കഴിഞ്ഞു എന്ന് എടുത്തുപറയാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. യു.ജി.സി. സ്കെയിലുകൾക്ക് വേണ്ടിയുള്ള പ്രക്ഷോഭണം, പെൻഷൻ-പ്രോവിഡൻറ് ഫണ്ട് പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടിയുള്ള സമരം നമ്മുടെ വിവിധ പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് നിരവധി പ്രസ്താവനകൾ പത്രങ്ങൾക്ക നൽകിയിട്ടുണ്ട്. നമ്മുടെ വാർത്തകൾക്കും പ്രസ്താവനകൾക്കും നല്ല പ്രസിദ്ധീകരണം ലഭിച്ചിട്ടുണ്ട്. ഈ കാര്യത്തിൽ നമ്മെ സഹായിച്ച കേരളത്തിലെ പത്രങ്ങളോട് നമുക്കുള്ള കൃതജ്ഞതെ നിസ്സീമമാണ്.

അദ്ധ്യാപകരുടെ മൗലികപ്രാധാന്യമുള്ള ആവശ്യങ്ങൾ നേടിയെടുക്കുക, അതുവഴി അദ്ധ്യാപകരുടെ നില മെച്ചപ്പെടുത്തുക, നമ്മുടെ സംഘടനയിലേയ്ക്കു സ്വകാര്യകോളേജദ്ധ്യാപകരെയെല്ലാം ആകർഷിച്ച് സംഘടനയെ ഒരു അതുല്യശക്തിയാക്കുക എന്നീ ലക്ഷ്യങ്ങൾ വച്ചുകൊണ്ടുള്ള പ്രവർത്തനമായിരുന്നു റിപ്പോർട്ടുവർഷത്തിൽ നടന്നത്.

**യു. ജി. സി. സ്കെയിലുകൾക്കുവേണ്ടിയുള്ള സംയുക്തനീക്കം.**

ഇന്ത്യയൊട്ടുക്ക് അംഗീകരിക്കപ്പെട്ട യു.ജി.സി.ശമ്പളസ്കെയിലുകൾ അനുവദിപ്പിക്കുന്നതിനുവേണ്ടി കേരളത്തിലെ കോളേജ്-യൂണിവേഴ്സിററി അദ്ധ്യാപകർ ഒരു സംയുക്തശ്രമം നടത്തണമെന്ന് 1977-78 വർഷത്തെ സംസ്ഥാനപ്രവർത്തകസമിതിയുടെ ആദ്യയോഗം തീരുമാനിച്ചതും വിവിധ അദ്ധ്യാപക സംഘടനകളുടെ ഒരു സംയുക്ത കർമ്മസമിതി രൂപീകരിക്കുന്നതിനുവേണ്ടി എ.കെ.പി.സി.ററി.എ മുൻകൈയ്യെടുത്തതും ബഹുമാനപ്പെട്ട അംഗങ്ങൾ ഓർക്കുമല്ലോ. 15-5-77നു നമ്മുടെ സംഘടനയുടെ പ്രസിഡൻറ് എറണാകുളത്ത് വിളിച്ചുകൂട്ടിയ വിവിധസംഘടനാ—കോളേജ്, യൂണിവേഴ്സിററി—ഭാരവാഹികളുടെ യോഗത്തിൽ വച്ചാണ് യു ജി.സി സ്കെയിലുകൾ അനുവദിപ്പിക്കുന്നതിനുവേണ്ടി കൂട്ടായ ശ്രമം നടത്തുന്നതിനുള്ള ഒരു സംയുക്ത കർമ്മസമിതി രൂപീകരിച്ചത്. പ്രസ്തുത യോഗത്തിൽ വച്ചുതന്നെ സംയുക്ത ശ്രമത്തിൻെറ ആദ്യപടിയെന്ന നിലയിൽ വിവിധ സംഘടനാ ഭാരവാഹികൾ ഒപ്പിട്ട ഒരു സംയുക്ത മെമ്മോറാണ്ടം സർക്കാരിന് നൽകണമെന്നും തുടർന്ന് യു. ജി. സി. സ്കെയിലുകൾ നടപ്പാക്കണമെന്ന ആവശ്യം മുൻനിർത്തി സംയുക്തമായി അവകാശദിനാചരണം നടത്തണമെന്നും കേരളത്തിലെ കോളേജ്-യൂണിവേഴ്സിററി അദ്ധ്യാപകരെല്ലാം ഒപ്പിട്ട ഒരു കൂട്ടഹർജി സർക്കാരിനു് സമർപ്പിക്കണമെന്നും തീരുമാനിക്കപ്പെട്ടു. മേയ് 27-ാംനു സംയുക്ത കർമ്മസമിതി ഭാരവാഹികൾ ചേർന്ന് സർക്കാരിനു നിവേദനം സമർപ്പിച്ചതോടുകൂടി യു.ജി.സി. സ്കെയിലുകൾക്കുവേണ്ടിയുള്ള കേരളത്തിലെ കോളേജ്-യൂണിവേഴ്സിററി അദ്ധ്യാപകരുടെ യോജിച്ച ശ്രമം ആരംഭിച്ചു. 19-5-'77നു ചേർന്ന എ. കെ. പി. സി. ററി. എ. പ്രവർത്തകസമിതിയോഗം സംയുക്ത കർമ്മസമിതി ആവിഷ്ക്കരിച്ച പ്രവർത്തന പരിപാടികൾ അംഗീകരിക്കുകയും സംയുക്ത കർമ്മസമിതിയുടെ ആഹ്വാനമനുസരിച്ച് പ്രവർത്തിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. 1977 ജൂലായ് 3-ാംനു ചേർന്ന എ. കെ. പി. സി. ററി. എ. സംസ്ഥാന കമ്മിററി-കൗൺസിൽ യോഗങ്ങളും പ്രസ്തുത പ്രവർത്തന പരിപാടികൾ അംഗീകരിച്ചു.

സംയുക്ത കർമ്മസമിതിയുടെ ആഹ്വാനമനുസരിച്ച് കേരളത്തിലെ കോളേജ്-യൂണിവേഴ്സിററി അദ്ധ്യാപകർ ജൂലായ് 12 അവകാശദിനമായാചരിച്ചു. ബാഡ്ജുകൾ ധരിച്ചുകൊണ്ടാണ് അന്നു നാം കോളേജിൽ ഹാജരായതും അദ്ധ്യാപനം നടത്തിയതും. കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് സംയുക്ത കർമ്മസമിതി സമർപ്പിക്കാൻ ഉദ്ദേശിച്ച ഭീമ

ററർജ്ജ്ജിക്കുവേണ്ടി ഒപ്പുശേഖരണം അന്നുതുടങ്ങി. ബ്രാഞ്ചുയോഗം ചേർന്ന് നിർദ്ദിഷ്ട പ്രമേയം പാസ്സാക്കി അധികാരികൾക്ക് അന്നു അയച്ചുകൊടുക്കുകയും ചെയ്തു.

ഒപ്പുശേഖരണം വമ്പിച്ച വിജയമായിരുന്നു. 3800-ഓളം ഒപ്പുകൾ എ. കെ. പി. സി. ററി. എ. ശേഖരിച്ചു— മൊത്തം ശേഖരിക്കപ്പെട്ട ഒപ്പുകൾ 5025 ആയിരുന്നു എന്ന് ഓർക്കണം. എ. കെ. പി. സി. ററി. എ. എവിടെ നിൽക്കുന്നു എന്ന് അന്ന പലർക്കും മനസ്സിലായി. സെപ്തംബർ 5-ാം തീയതി സംയുക്ത കർമ്മസമിതി നേതാക്കൾ മുഖ്യമന്ത്രിക്കും വിദ്യാഭ്യാസമന്ത്രിക്കും ഭീമഹർജ്ജി നൽകി. ഭീമഹർജ്ജി സമർപ്പിച്ചതിനുശേഷവും സർക്കാർ നയത്തിൽ ഒരു മാററവും കണ്ടില്ല. നിരവധിപ്രാവശ്യം ആവശ്യപ്പെട്ടിട്ടും അദ്ധ്യാപകരുടെ ആവശ്യത്തെക്കുറിച്ച് അവരുമായി ഒരു ചർച്ചനടത്താൻ സർക്കാർ ഒരുക്കമായതുമില്ല. "ഇവിടെ സാദ്ധ്യമല്ല" എന്ന നിലപാടിൽത്തന്നെ സർക്കാർ ഉറച്ചുനിന്നു. ഈ സാഹചര്യത്തിലാണ് സംയുക്ത കർമ്മസമിതി യോഗംചേർന്ന് കൂട്ടായത്നത്തിന്റെ അടുത്തപടിയായി നവംബറിൽ തിരുവനന്തപുരം നഗരത്തിൽ കൂട്ടപ്രകടനവും ധർണയും നടത്താൻ തീരുമാനിച്ചതു്. നമുക്കവകാശപ്പെട്ടതു് സർക്കാർ അകാരണമായി നിഷേധിക്കുന്നതിലുള്ള നമ്മുടെ കഠിനമായ പ്രതിഷേധം വിളിച്ചറിയിക്കുന്നതിനു വേണ്ടിയായിരുന്നു പ്രകടനം.

സംയുക്തപ്രവർത്തനത്തിൽ പങ്കുചേരാതെ നിന്നിരുന്ന പി. സി. ററി. എ. ഈ അവസരത്തിൽ സംയുക്ത കർമ്മസമിതിയിൽ ചേർന്ന് പ്രവർത്തിക്കുവാൻ തീരുമാനിച്ച എന്ന വിവരം അംഗങ്ങൾ ഓർക്കുമല്ലൊ. ഒക്ടോബർ 13നു ചേർന്ന സംയുക്തസമിതിയോഗത്തിൽ പി. സി. ററി. എ. പ്രതിനിധികൾ സംബന്ധിച്ചു. കൂട്ടപ്രകടനവും ധർണയും നവംബർ 25-ന് നടത്തണമെന്ന് അന്നു തീരുമാനിക്കപ്പെട്ടു. പ്രകടനത്തിൽ പരമാവധി അംഗങ്ങളെ പങ്കെടുപ്പിക്കുന്നതിനുവേണ്ടി ഒരു കഠിനപ്രയത്നംതന്നെ നാം നടത്തി. നമ്മുടെ ശ്രമം പൂർണ്ണമായി വിജയിച്ചു. നിരവധി അദ്ധ്യാപികമാരുൾപ്പെടെ രണ്ടായിരത്തോളം എ. കെ. പി.സി.ററി.എ.അംഗങ്ങൾ പ്രകടനത്തിൽ പങ്കെടുത്തു. (ഇതൊരു ഓൾടൈം റെക്കാർഡാണെന്നു് പറയേണ്ടതില്ലല്ലോ.) കേരളത്തിലെ കോളേജദ്ധ്യാപക പ്രസ്ഥാനത്തിൽ എ. കെ. പി. സി. ററി. എ. ഒരേയൊരുശക്തിയാണെന്ന് പ്രഖ്യാപിക്കുന്ന ഒരതുല്യപ്രകടനമാണ് നാം കാഴ്ചവച്ചതു്. നമ്മുടെ പ്രസ്ഥാനത്തിന്റെ കെട്ടുറപ്പും ശക്തിയും നമ്മുടെ അംഗങ്ങളുടെ അച്ചടക്കവും തെളിയിക്കുവാനും നമുക്കു പ്രകടനംവഴി കഴിഞ്ഞു എന്ന് എടുത്തുപറയേണ്ടതുണ്ട്.

നവംബർ 25-ലെ പ്രകടനവും സർക്കാരിന്റെ യൂ. ജി. സി. സ്കെയിൽ കാര്യത്തിലുള്ള നയത്തിൽ യാതൊരു മാററവും വരുത്തിയില്ല. കുറച്ചുകൂടി ശക്തമായ പ്രക്ഷോഭം കൊണ്ടേ കേരള സർക്കാരിന്റെ നിലപാടിൽ മാററം വരുത്താൻ കഴിയൂ എന്ന നിഗമനത്തിലാണ് അദ്ധ്യാപക സംഘടനകൾ എത്തിച്ചേർന്നതു്. യൂ. ജി. സി. സ്കെയില നേടിയെടുക്കുന്നതിനുവേണ്ടി പ്രത്യക്ഷസമര പരിപാടികൾ തന്നെ വേണമെന്ന അഭിപ്രായത്തിലാണ് 1978 ജനുവരി ഒന്നിന് ചേർന്ന എ. കെ. പി. സി. ററി. എ. സംസ്ഥാന പ്രവർത്തകസമിതിയോഗം എത്തിച്ചേർന്നതു്. സ്കെയിലുകൾക്കുവേണ്ടി ഒരു ദിവസത്തെ സൂചനാ പണിമുടക്ക്, അനിശ്ചിതകാല പണിമുടക്ക്, യൂണിവേഴ്സിററി പരീക്ഷാജോലി ബഹിഷ്ക്കരണം തുടങ്ങിയ പ്രത്യക്ഷസമരങ്ങൾക്ക് എ. കെ. പി. സി. ററി. എ. ഒരുക്കമാണെന്ന് സംയുക്ത കർമ്മസമിതിയിൽ റിപ്പോർട്ടുചെയ്യണമെന്നും യോഗം നിർദ്ദേശിച്ചു.

ജനവരി 11-ന് സംയുക്തസമിതിപ്രതിനിധികൾ സംസ്ഥാന മുഖ്യമന്ത്രിയെക്കണ്ടു്
യു. ജി. സി. സ്കെയിലുകൾ കേരളത്തിൽ നടപ്പാക്കണമെന്ന് അഭ്യർത്ഥിച്ചു. മുഖ്യമന്ത്രി-
യുടെ പ്രതികരണം ഒട്ടുംതന്നെ ആശാവഹമായിരുന്നില്ല. യു. ജി. സി. സ്കെയിലുകൾ നടപ്പാ-
ക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമെന്ന് പ്രസ്താവിക്കുവാൻപോലും അദ്ദേഹം അ-
ന്ന് ഒരുക്കമായിരുന്നില്ല. സർക്കാരിൻെറ നിലപാടിൽ ആശാവഹമായ ഒരു മാററവും ഉ-
ണ്ടാകാത്ത സാഹചര്യത്തിലാണ് സംയുക്ത കർമ്മസമിതി യോഗംചേർന്ന് എല്ലാ സംഘ-
ടനകൾക്കും സ്വീകാര്യമായ, യോജിച്ചുചെയ്യാവുന്ന ഒരു സമരമെന്ന നിലയ്ക്ക് സെക്രട്ടേറി-
യററിൻെറ നടയിൽ അഖണ്ഡനിരാഹാര സത്യഗ്രഹം നടത്തുന്നതിനും ഏപ്രിൽ-മേയ് മാ-
സങ്ങളിലെ യൂണിവേഴ്സിററി പരീക്ഷകളുടെ ഉത്തരക്കടലാസ് പരിശോധനയും പ്രാക്ടി-
ക്കൽ പരീക്ഷാജോലിയും ബഹിഷ്ക്കരിക്കുന്നതിനും തീരുമാനിച്ചത്.

യു. ജി. സി. സ്കെയിലുകൾ നേടുന്നതിനുവേണ്ടി അയ്ഫക്ടോയുടെ ആഹ്വാനമനുസ-
രിച്ച് 1974–75 കാലഘട്ടത്തിൽ നാം സമരത്തിലേർപ്പെട്ടിരുന്നു. 1974 ഒക്ടോബർ 8-ാംതീ-
നാം ഒരു ദിവസത്തെ സൂചനാ പണിമുടക്കു നടത്തി ശമ്പളം ഉപേക്ഷിച്ചിരുന്നു എന്നോർ-
ക്കുമല്ലോ. തുടർന്നു 1975–ലെ പരീക്ഷ ബഹിഷ്ക്കരിക്കാൻ നാം തീരുമാനിച്ചു. പക്ഷെ,
ബഹിഷ്ക്കരണസമരം ഒരു ഘട്ടത്തിൽ നാം പിൻവലിക്കേണ്ടിവന്നു. വളരെയേറെ മാററം
അതിനുശേഷം ഉണ്ടായെങ്കിലും സർക്കാരിൻെറ യു. ജി. സി. സ്കെയിൽ കാര്യത്തിലുള്ള ന-
യത്തിൽ ഒരു മാററവും ഉണ്ടായിക്കാണുന്നില്ല. സ്കെയിലുകൾ നാം ആവശ്യപ്പെടുന്നത് അ-
വയ്ക്ക് മഹത്തായ ചില ലക്ഷ്യങ്ങൾ ഉണ്ടെന്നുള്ളതുകൊണ്ടു കൂടിയാണ്. ആ ലക്ഷ്യങ്ങൾ
ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും അംഗീകരിച്ചുകഴിഞ്ഞു. വിദ്യാഭ്യാസകാര്യത്തിൽ ഇ-
ന്ത്യയിൽ മുൻപന്തിയിൽ നിൽക്കുന്ന കേരളം മാത്രം അതിനു തയ്യാറാകുന്നില്ല എന്നത് തിക-
ച്ചും ലജ്ജാകരംതന്നെ. ഇന്ത്യയിലെ മററു സംസ്ഥാനങ്ങൾ അംഗീകരിച്ചു നടപ്പാക്കിക്കൊ-
ണ്ടിരിക്കുന്ന യു. ജി. സി. സ്കെയിലുകൾ, "ഇവിടെ പററില്ലെന്ന്", എല്ലാ കാര്യങ്ങളിലും
മററു സംസ്ഥാനങ്ങൾക്ക് മാതൃകകാട്ടുന്നു എന്നവകാശപ്പെടുന്ന, കേരള സർക്കാർ ഇപ്പോഴും
പറയുന്നതിലെ 'പുരോഗമന'വും 'ജനസേവന'വും മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ട്. ശ-
ക്തമായ സമരംകൊണ്ടു മാത്രമേ നമ്മുടെ ചിരകാലാവശ്യം നേടിയെടുക്കാൻ കഴിയൂ എന്നു
നാം ഓർക്കണം. സംയുക്ത കർമ്മസമിതിയുടെ ആഭിമുഖ്യത്തിലുള്ള സമരപരിപാടികൾ
വിജയിപ്പിക്കണം. യു.ജി.സി. സ്കെയിലുകൾ നേടുകയെന്നതു് നമ്മുടെ അഭിമാനത്തിൻെറ
ന്നെ പ്രശ്നമാണ്. യു. ജി. സി. സ്കെയിലുകൾ നേടാതെ പററില്ല. നാം നടത്തുവാൻ
പോകുന്ന സമരംകൊണ്ട് നമുക്കതിനു കഴിയണം.

**അഴിമതി നിർമ്മാർജ്ജനം:–**

കേരളത്തിലെ ഉന്നത വിദ്യാലയങ്ങളിലെ അന്തരീക്ഷം സംശുദ്ധമാക്കുകയെന്ന സു-
പ്രധാനവും കാലോചിതവുമായ ഒരു മുദ്രാവാക്യം നമ്മുടെ 9-ാം കൺവെൻഷൻ മു-
ന്നോട്ടുവച്ചിരുന്നു. ഉന്നത വിദ്യാഭ്യാസ രംഗം ധാർമ്മിക ബോധമില്ലാത്ത ഒരു പിടി
വിദ്യാഭ്യാസ കച്ചവടക്കാർ അനുദിനം ദുഷിപ്പിച്ചുകൊണ്ടിരിക്കുന്നതാണ് നാം ഇന്ന്
കാണുന്നത്. വർദ്ധിച്ച സ്വാധീനശക്തിയാർജ്ജിച്ചുകഴിഞ്ഞ ഇവർ സർക്കാരിൻെറയോ
സർവ്വകലാശാലയുടേയോ ഒരുവിധ നിയന്ത്രണത്തിനും വിധേയരാകാതെ സർവ്വതന്ത്രസ്വ-
തന്ത്രരായി കഴിയുന്നു. ഇവരുടെ ബലമേറിയ വേരുകൾ സെക്രട്ടേറിയററിലും സർവ്വകലാ-
ശാലഭരണത്തിലും ആഴ്ന്നിറങ്ങിയിരിക്കുന്നു. ഇവരിൽ ഒരു പോററൽപോലും എൽപ്പി

ക്കാൻ അധികാരസ്ഥാനങ്ങൾക്ക് കഴിയില്ല—അവർ അതിന് ഒരുക്കവുമില്ല. അതുകൊണ്ടുതന്നെ ഇവർക്കെതിരെ അതിശക്തമായ ബഹുജനസമരം ആവശ്യമായിവന്നിരിക്കുന്നു. ഈ സമരത്തിന്റെ പടയണി നയിക്കുകയെന്ന ചരിത്രപരമായ ദൌത്യം എ. കെ. പി. സി. ററി. എ. ഏറെറടുക്കുന്നു.

വിദ്യാർത്ഥികളുടെ പ്രവേശനം, അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ നിയമനം, സ്ഥലം മാററം എന്നിവയിൽ പ്രൈവററ് ഏജൻസികൾ കടുത്ത അഴിമതിയാണ് നടത്തിക്കൊണ്ടിരിക്കുന്നതു്. ഡയറക്ടു്പേമെൻറു് എഗ്രിമെൻറിലെ സർക്കാർ വ്യവസ്ഥകളും അഡ്മിഷനുമായി ബന്ധപ്പെട്ട യൂനിവേഴ്സിററി റൂളുകളും നിർദ്ദേശങ്ങളും ഉണ്ടായിട്ടും വിദ്യാർത്ഥികളുടെ പ്രവേശനത്തിൽ വൻതോതിൽ ഇവർ അഴിമതി നടത്തിക്കൊണ്ടിരിക്കുന്നു. മെരിററടിസ്ഥാനത്തിൽ നൽകേണ്ട സീററുകൾ വൻതുകകൾക്ക് കച്ചവടം ചെയ്യപ്പെടുകയാണ്. ഈ കച്ചവടത്തിന് മാനേജരന്മാർക്ക് അരുനിൽക്കുന്നതു് അദ്ധ്യാപക വർഗ്ഗത്തിന്റേതന്നെ ഒരു ഭാഗമായ പ്രിൻസിപ്പലന്മാരാണെന്നുള്ളതു് ഏററവും നിർഭാഗ്യകരമായ ഒരു വസ്തുതയാണ്—അദ്ധ്യാപക വർഗ്ഗത്തിനാകെ ഈ സ്ഥാനമോഹികൾ കളങ്കം വരുത്തിത്തീർത്തിരിക്കുന്നു. നിലവിലുള്ള യൂനിവേഴ്സിററി—സർക്കാർ വ്യവസ്ഥകൾ ഇവരെയൊക്കെ ഫലപ്രദമായി നിയന്ത്രിക്കാൻ അപര്യാപ്തമാണ്.

കോളേജുകളിൽ നിയമനം ലഭിക്കുന്നതിന് വൻതുകകൾ നൽകണമെന്നതാണ് ഇന്നത്തെ സ്ഥിതി. "സെലക്ഷൻ കമ്മിററിയിലുള്ള യൂനിവേഴ്സിററിയുടേയും സർക്കാരിന്റേയും പ്രതിനിധികൾ മാനേജരന്മാരുടെ അഴിമതികൾക്ക് അറിഞ്ഞോ അറിയാതെയോ കൂട്ടുനിൽക്കുന്നു. പരീക്ഷയിൽ ഒന്നാം ക്ലാസ്സും ഒന്നാം റാങ്കും വാങ്ങിയവൻ പിന്തള്ളപ്പെടുന്നു. വെറും പത്താം തരക്കാരൻ നിയമനം തട്ടിയെടുക്കുന്നു.

കോർപ്പറേററു് മാനേജ്മെൻറുകളുടെ കീഴിലുള്ള കോളേജുകളിലെ അദ്ധ്യാപകർക്കു് സ്ഥലംമാററം ഒരു തീരാശാപമായിത്തീർന്നിരിക്കുന്നു. സ്ഥലംമാററങ്ങളിൽ കടുത്ത അഴിമതി നടക്കുന്നു എന്നതു് ഇന്നു് അങ്ങാടിപ്പരസ്യമാണ്. അഴിമതിയെ എതിർക്കുന്നവരെ വൈരനിര്യാതന ബുദ്ധിയോടെ പന്തെറിയുംപോലെ ദൂരേയ്ക്കെറിയുന്നു. സ്ഥലംമാററങ്ങളുമായി ബന്ധപ്പെടുത്തിയാണ് മാനേജരന്മാർ നിർബന്ധിത പിരിവുകൾ നടത്തുന്നതെന്നു് ഓർക്കണം. സ്വസ്ഥമായ കുടുംബജീവിതം നയിക്കണമെങ്കിൽ വർഷംതോറും നിർബന്ധപ്പിരിവു നൽകണം; യാതൊരു മുറുമുറുപ്പും കൂടാതെതന്നെ.

ഉന്നതവിദ്യാഭ്യാസരംഗത്തെ അഴിമതിക്കാരെ ശിക്ഷിക്കുന്നതിനു സർക്കാർ തയ്യാറാകാതെ പററില്ല. നിലവിലുള്ള നിയമങ്ങളും വ്യവസ്ഥകളും ഈ കാര്യത്തിൽ പരാജയപ്പെട്ടിരിക്കുന്നു. ഫലപ്രദമായ നിയമനിർമ്മാണം സർക്കാർ നടത്തിയേ പററൂ. നിയമനിർമ്മാണമുണ്ടാകണമെന്നു് നാം കേന്ദ്ര-സംസ്ഥാന സർക്കാരുകളോടാവശ്യപ്പെട്ടിരിക്കുകയാണ്. സർക്കാരിൽ സമ്മർദ്ദം ചെലുത്താതെ കാര്യം നടക്കില്ല. അതിനുള്ള സമരമാണ് നാമിനി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നതു്. വിട്ടുവീഴ്ചയില്ലാത്ത സമരംതന്നെ വേണം. കേരളത്തിലെ വിദ്യാർത്ഥി പ്രസ്ഥാനങ്ങളും മററു പുരോഗമന പ്രസ്ഥാനങ്ങളുമായിച്ചേർന്നു് ഒരു ബഹുജനസമരം സംഘടിപ്പിക്കാനാണ് നാം ഉദ്ദേശിക്കുന്നതു്.

അയ്ഫക്ടോയുടെ ആഭിമുഖ്യത്തിൽ നടന്ന പ്രകടനത്തിൽ പങ്കെടുക്കാനായി ഡൽഹിയിൽ എത്തിയ എ. കെ. പി. സി. ററി. എ. പ്രതിനിധികൾ കേരളത്തിലെ സ്വകാര്യ ഏജൻസികൾ ഉന്നതവിദ്യാഭ്യാസ രംഗത്തു നടത്തുന്ന അഴിമതിയെക്കുറിച്ചു് സി. ബി.

വൈ. യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരളസർക്കാരിന് മെമ്മോറാണ്ടം സമർപ്പിച്ചിരുന്നത് ബഹുമാനപ്പെട്ട അംഗങ്ങൾ ഓർക്കുന്നുണ്ടാകുമല്ലോ. യു. ജി. സി. യും ഇതര ഏജൻസികളും സ്വകാര്യ കോളേജുകളുടെ വികസനത്തിനും പഠനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും മറ്റുമായി കോളേജുകൾക്ക് നൽകുന്ന വൻ ഗ്രാന്റുകൾ മാനേജർമാരും പ്രിൻസിപ്പൽമാരുംകൂടി ദുർവിനിയോഗം ചെയ്യുന്നതിനെക്കുറിച്ച് അന്വേഷിപ്പിക്കണമെന്നും മെമ്മോറാണ്ടത്തിൽ നാം ആവശ്യപ്പെട്ടിട്ടുണ്ട്.

**നിയമദത്ത സംരക്ഷണം.**

പരിമിതമായ തോതിലെങ്കിലും സേവനസ്ഥിരത ഉറപ്പുവരുത്തുമെന്ന് കരുതപ്പെട്ടിരുന്ന 1974/75-ലെ യൂണിവേഴ്സിറ്റി നിയമത്തിലെ അദ്ധ്യാപക രക്ഷാകരങ്ങളായ ചില സുപ്രധാന വകുപ്പുകൾ ഹൈക്കോടതിയിൽ നഷ്ടമായതു മുതൽ നഷ്ടപ്പെട്ട വകുപ്പുകൾ ആവശ്യമായ മാറ്റങ്ങളോടുകൂടി പുനഃസ്ഥാപിക്കണമെന്നും പ്രസ്തുത വകുപ്പുകൾ ചേർത്ത് കൊണ്ടുള്ള യൂണിവേഴ്സിറ്റി നിയമം ഭരണഘടനയുടെ 9-ാം പട്ടികയിൽപ്പെടുത്തി സേവനഭദ്രത ഉറപ്പുവരുത്തണമെന്നും നാം ആവശ്യപ്പെടുകയാണ്. നിർഭാഗ്യകരമെന്നുതന്നെ പറയട്ടെ, ഈ കാര്യത്തിൽ യതൊരു നടപടിയും സർക്കാർ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. തികച്ചും പ്രതിഷേധാർഹമായ സർക്കാരിന്റെ ഒരു നടപടിയെക്കുറിച്ച് ഇവിടെ പ്രതിപാദിച്ചുകൊള്ളട്ടെ. 1974/75 യൂണിവേഴ്സിറ്റി നിയമപ്രകാരമുള്ള യൂണിവേഴ്സിറ്റികളുടെ ഒന്നാം സ്റ്റാറ്റ്യൂട്ടുകൾ (സേവനവ്യവസ്ഥകളെ സംബന്ധിച്ചുള്ളവയുൾപ്പടെ) തയ്യാറാക്കി പ്രസിദ്ധീകരിക്കമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു നിവേദനം ബഹു: മുഖ്യമന്ത്രിക്കും മറ്റു മന്ത്രിമാർക്കും നാം മേയ് 17 നു നൽകിയിരുന്നു. അദ്ധ്യാപകരുടെ സേവനവ്യവസ്ഥകളെ സംബന്ധിക്കുന്ന സ്റ്റാറ്റ്യൂട്ടുകളെക്കുറിച്ചുള്ള നമ്മുടെ നിർദ്ദേശങ്ങൾ അടങ്ങിയ ഒരു മെമ്മോറാണ്ടവും (Memo. No. 1-/77-78 dt 17-5-'77) അന്നു നാം സമർപ്പിച്ചു. ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ചു ചർച്ചചെയ്യുന്നതിന് ഒരു കോൺഫറൻസ് വിളിക്കാമെന്നും നമ്മുടെ നിർദ്ദേശങ്ങൾകൂടി കണക്കിലെടുത്തുകൊണ്ടുമാത്രമേ സ്റ്റാറ്റ്യൂട്ടുകൾ തയ്യാറാക്കുകയുള്ളൂ എന്നും അന്ന് ഉന്നത വിദ്യാഭ്യാസ സ്പെഷ്യൽ സെക്രട്ടറി നമ്മോടു പറഞ്ഞിരുന്നു. മാസങ്ങൾ കഴിയുന്നു, കോൺഫറൻസ് ഉണ്ടായില്ല, സ്റ്റാറ്റ്യൂട്ടുകൾ ഇതേവരെ വെളിച്ചം കണ്ടിട്ടുമില്ല. ഒരു തരത്തിലും നീതീകരിക്കാനാവാത്ത കാലതാമസമാണ് ഈ കാര്യത്തിൽ സർക്കാർ വരുത്തിയിരിക്കുന്നത്.

അദ്ധ്യാപകർ ഇന്നു ദുസ്ഥിതിയിലാണ്. പുതിയ നിയമ പ്രകാരമുള്ള സേവനവ്യവസ്ഥകളെ സംബന്ധിക്കുന്ന ഒന്നാം സ്റ്റാറ്റ്യൂട്ടുകൾ ഇല്ലെന്നതു തന്നെ കാരണം. കാലിക്കട്ട് യൂണിവേഴ്സിറ്റി പ്രദേശത്തെ അദ്ധ്യാപകരുടെ സ്ഥിതി തീർത്തും ശോചനീയം തന്നെ. വളരെ പഴയ യൂണിവേഴ്സിറ്റി നിയമ പ്രകാരമുള്ള ഓർഡിനൻസുകൾ മാത്രമാണ് ഇപ്പോഴും അവിടെ പ്രാബല്യത്തിൽ നിൽക്കുന്നത്. കോടതിയിൽ അംഗഭംഗം സംഭവിച്ച നിയമം അനുസരിച്ചുള്ള സ്റ്റാറ്റ്യൂട്ടുകൾ പുറപ്പെടുവിക്കാൻ പോലും കൂട്ടാക്കാത്ത സർക്കാർ, നഷ്ടപ്പെട്ട വകുപ്പുകൾ പുനഃസ്ഥാപിച്ചും പുതിയ വകുപ്പുകൾ ഉൾക്കൊള്ളിച്ചും കൊണ്ടുള്ള യൂണിവേഴ്സിറ്റി നിയമം, നാം അലംഭാവം പുലർത്തുന്നാൽ, ഉണ്ടാക്കാൻ തയ്യാറാകുമെന്നു കരുതരുത്. അലംഭാവം വെടിഞ്ഞ് ഈ കാര്യത്തിൽ കാര്യമായ പ്രവർത്തനം നടത്തിയേ കഴിയൂ. ജോലിസ്ഥിരതയും സംരക്ഷണവുമില്ലെങ്കിൽ മറ്റെന്തുണ്ടായിട്ടെന്തുകാര്യം?

## പെൻഷൻ – പ്രോവിഡൻറ് ഫണ്ട് പ്രശ്നങ്ങൾ:—

നീണ്ട കാത്തിരിപ്പിന് ശേഷമാണ് നമുക്ക് ഒരു പെൻഷൻ-പ്രോവിഡൻറ് ഫണ്ട് പദ്ധതി ലഭിച്ചത്—അതും നിരവധി നിവേദനങ്ങൾക്കും സമരങ്ങൾക്കും ശേഷം. നമ്മുടെ നിവേദനങ്ങൾ ഒന്നും തന്നെ കണക്കിലെടുക്കാതെ ഏകപക്ഷീയമായി തയ്യാറാക്കിയവയായിരുന്നു പദ്ധതിയുമായി ബന്ധപ്പെട്ട സ്റ്റാറ്റ്യൂട്ടുകൾ. ആ കാരണത്താൽ തന്നെ സ്റ്റാറ്റ്യൂട്ടുകളിൽ പലതും അപകടകരമാണ്. അദ്ധ്യാപകരുടെ രക്ഷയ്ക്കായി കൊണ്ടുവരപ്പെട്ട പദ്ധതിയുടെ സ്റ്റാറ്റ്യൂട്ടുകൾ പ്രാബല്യത്തിൽവന്നതുമൂലം അദ്ധ്യാപകർ അനുഭവിച്ചിരുന്ന പല ആനുകൂല്യങ്ങളും ലഭിക്കാതെയായി. മാത്രമല്ല, പലർക്കും വളരെ കഷ്ടതകളുമുണ്ടായി. സർവ്വീസിൽനിന്നും വിരമിച്ച നമ്മുടെ സുഹൃത്തുക്കൾക്ക് യഥാസമയം പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചു നൽകിയില്ല. അധികാരികളുടെ അലംഭാവവും അനുഭാവശൂന്യതയും മൂലം പി. എഫ്.-ൽ നിന്നും ലോൺ എടുക്കാൻ കഴിയാതെ വന്നു. പെൻഷൻ സ്റ്റാറ്റ്യൂട്ടുകളിലെ അവ്യക്തതകളുടെ മറവിൽ, വ്യവസ്ഥകൾ, അദ്ധ്യാപകർക്ക് തികച്ചും ദോഷകരമായ രീതിയിൽ ദുർവ്യാഖ്യാനം ചെയ്ത് ഉദ്യോഗസ്ഥന്മാർ അദ്ധ്യാപകരെ കഷ്ടത്തിലാക്കി. പല പ്രശ്നങ്ങളും ചർച്ചകൾവഴി പരിഹരിക്കാവുന്നവയാണെന്ന് നാം സർക്കാരിനെ നിരവധി പ്രാവശ്യം ബോദ്ധ്യപ്പെടുത്തി. ചർച്ചക്കായി കോൺഫറൻസ് വിളിക്കണമെന്ന് പല പ്രാവശ്യം നാം ആവശ്യപ്പെടുകയും ചെയ്തു. അദ്ധ്യാപകരുടെ പ്രയാസങ്ങൾ മനസ്സിലാക്കുകയില്ല, പ്രശ്നങ്ങൾക്ക് പരിഹാരം കാണില്ല, അവയെക്കുറിച്ച് ചർച്ച ചെയ്യുകയുമില്ല എന്ന നിലപാടായിരുന്നു സർക്കാർ കൈക്കൊണ്ടിരുന്നത്. പ്രശ്നപരിഹാരത്തിന് സമരമല്ലാതെ മറ്റു മാർഗ്ഗമില്ലെന്ന സ്ഥിതിവന്നു. സമര പരിപാടികൾ സ്വീകരിക്കാൻ തന്നെ നാം തീരുമാനിച്ചു. തൊഴിൽചെയ്തു ഉപജീവനം തേടുന്ന ഒരു വർഗ്ഗമായ നമ്മോടുള്ള സർക്കാരിന്റെ ചിറ്റമ്മനയത്തിൽ പ്രതിഷേധിക്കുന്നതിന് കൂടി ആയിരുന്നു സമരം. സമരത്തിന്റെ ഒന്നാം ഘട്ടമെന്ന നിലയിൽ മൂന്നു കോളേജ് വിദ്യാഭ്യാസ ഡപ്യൂട്ടിഡയറക്ടർമാരുടെ ഓഫീസുകൾക്കു മുന്നിൽ സെപ്തംബർ 17-ാം തീയതി പ്രകടനവും ധർണ്ണയും നടത്തണമെന്ന് തീരുമാനിച്ചു. ചില സാങ്കേതികകാരണങ്ങളാൽ പ്രകടനവും ധർണ്ണയും ഒക്ടോബർ 1-ാം തീയതി നടത്താനായി മാറ്റിവയ്ക്കേണ്ടിവന്നു. ധർണ്ണ വളരെ വിജയകരമായ രീതിയിൽ നടത്താൻ നമുക്ക് കഴിഞ്ഞു. ധർണ്ണ നടത്തുന്നതിന് മുമ്പ്, അദ്ധ്യാപക പ്രശ്നങ്ങൾ പരിഹരിക്കണമെന്നും അതിന്റെ പ്രാരംഭമായി പ്രശ്നങ്ങളെക്കുറിച്ച് ചർച്ചചെയ്യുന്നതിനായി ഒരു കോൺഫറൻസ് വിളിക്കണമെന്നും സംസ്ഥാന വിദ്യാഭ്യാസ മന്ത്രിയെ നേരിൽകണ്ടു നാം അപേക്ഷിച്ചിരുന്നു. 'സമരം നടക്കട്ടെ, അതിനു ശേഷമാകാം പ്രശ്നങ്ങളെക്കുറിച്ച് ചർച്ച' എന്ന അനുഭാവപൂർവമല്ലാത്ത ഒരു നിലപാടാണ് മന്ത്രി സ്വീകരിച്ചതെന്ന് ഇവിടെ വ്യസനപൂർവം പറയട്ടെ.

ഒക്ടോബർ ഒന്നിന് നടത്തിയ ധർണ്ണകൊണ്ട് പ്രശ്നങ്ങൾക്ക് പരിഹാരമായില്ല. അതിനാൽ സമരത്തിന്റെ രണ്ടാംഘട്ടമെന്ന നിലയിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിനു മുമ്പിൽ പ്രകടനവും ധർണ്ണയും നടത്താൻ തീരുമാനിക്കുകയും തീരുമാനം അധികാരികളെ അറിയിക്കുകയുംചെയ്തു. ഇതിനുശേഷം ബന്ധപ്പെട്ടവരുടെ നിലപാടിൽ കുറച്ചു മാറ്റമുണ്ടായതായി മനസ്സിലാക്കാൻ സാധിച്ചു. ചില പ്രശ്നങ്ങൾക്കു പരിഹാരം ഉണ്ടായി. സർവ്വീസിൽനിന്നും പിരിഞ്ഞുകഴിഞ്ഞ നമ്മുടെ സുഹൃത്തുക്കൾക്ക് റിട്ടയർമെന്റാനുകൂല്യങ്ങൾ അനുവദിച്ചു നൽകി. പഴയ പി. എഫ്. അക്കൗണ്ടുകൾ തിട്ടപ്പെടുത്തുന്നതുമാ

ധിബന്ധപ്പെട്ട ജോലി യൂണിവേഴ്സിററികൾ ചെയ്തുതുടങ്ങി. പി. എഫ്. ലോൺ അനുവദിച്ചു തുടങ്ങുകയും ചെയ്തു.

വളരെ പ്രശ്നങ്ങൾ എന്നിട്ടും അവശേഷിക്കുന്നുണ്ടായിരുന്നു. ചർച്ചനടത്തി പരിഹാരം കാണാൻ കഴിയുന്നവ പരിഹരിക്കുന്നതിനുവേണ്ടി കോൺഫറൻസ് വിളിക്കണമെന്ന് നാം ആവർത്തിച്ചാവശ്യപ്പെട്ടു. ഡി. സി. ഇ. ഓഫീസിന് മുമ്പിലുള്ള സമരത്തിന് മുമ്പായി ഉന്നതവിദ്യാഭ്യാസ സ്പെഷ്യൽ സെക്രട്ടറി, ഡി. സി ഇ. തുടങ്ങിയവരെ കണ്ടു പ്രശ്നങ്ങൾ ചർച്ച ചെയ്യണമെന്ന് തീരുമാനിച്ചതിൻെറ അടിസ്ഥാനത്തിൽ നമ്മുടെ ഒരു നിവേദകസംഘം 1978 ജനുവരി 10-ാം ഡി. സി. ഇ. യെ കണ്ടു. പ്രശ്നങ്ങളുടെ എല്ലാ വശങ്ങളെയും കുറിച്ചു വിശദമായി ചർച്ച ചെയ്യാൻ കഴിഞ്ഞു. ചില പ്രശ്നങ്ങൾക്ക് അപ്പോഴേയ്ക്ക് പരിഹാരമായിക്കഴിഞ്ഞിരുന്നു. പരിഹാരമാകാത്തതിൽ മുഖ്യമായ പ്രശ്നം ഇരുപതിലേറെ കോളേജുകളിലെ അദ്ധ്യാപകർക്ക് പി. എഫ്. ലോൺ എടുക്കാൻ കഴിയാതായിരിക്കുന്നു എന്നുള്ളതായിരുന്നു. 31-3-'73 നു മുമ്പ് അദ്ധ്യാപകർ പി. എഫ്.-ൽ അടച്ച തുകകൂടി ദീർഘകാല സെക്യൂരിററികളിൽ ബന്ധപ്പെട്ട മാനേജ്മെൻറുകൾ നിക്ഷേപിച്ചിരുന്നു എന്നതുമൂലമുണ്ടായതാണീപ്രശ്നം. സർക്കാർ ഉത്തരവുകൾ ഉണ്ടായാൽ മാത്രമെ ഈ പ്രശ്നം പരിഹരിക്കപ്പെടൂ എന്നു നമുക്ക് മനസ്സിലായി. ഈ പ്രശ്നത്തേയും മററു ബന്ധപ്പെട്ട പ്രശ്നങ്ങളേയും കുറിച്ച് സർക്കാർ തലത്തിലുള്ള ഒരു ചർച്ചതന്നെ വേണമെന്ന് ബോദ്ധ്യമായതിനാൽ അതുടൻ ഉണ്ടാകണമെന്ന് നാം അധികാരികളോടാവശ്യപ്പെട്ടു. ഡി. സി. ഇ. യുമായി നടത്തിയ ചർച്ച പല കാര്യങ്ങളിലേയ്ക്കും വെളിച്ചംവീശി.

നമ്മുടെ ആവശ്യപ്രകാരം ഉന്നത വിദ്യാഭ്യാസ സെക്രട്ടറി ചർച്ചക്കായി കോൺഫറൻസ് വിളിച്ചുകൂട്ടാൻ തയ്യാറായി. 20-11-1977-ന് നാമയച്ച ഒരു നിവേദനത്തിൻെറ (Rsln.No. 52/St.Cnl.2/77-78 dt 20-11-'77) അടിസ്ഥാനത്തിലാണു കോൺഫറൻസ് വിളിച്ചതെന്നതിനാൽ ചർച്ചയ്ക്ക് നമ്മെമാത്രമാണ് വിളിച്ചതെന്ന് എടുത്തുപറയുവാൻ എനിക്കതിയായ സന്തോഷമുണ്ട്. (എ. കെ. പി. സി. ററി. എ. യുമായി ഫെബ്രുവരി 17-ാം നു- സർക്കാർ നടത്തിയ ചർച്ചകൾ സംബന്ധിച്ച വിശദവിവരങ്ങൾക്ക് സർക്കുലർ നമ്പർ !4/77-78 dt 1-3-1978 നോക്കുക)

ഒററ കോൺഫറൻസുകൊണ്ട് പ്രശ്നങ്ങൾക്കെല്ലാം പരിഹാരമാകുമെന്ന് കരുതാൻ പററില്ലല്ലോ. 1973 മുതൽ നാം ഉന്നയിക്കുന്ന പല ആവശ്യങ്ങൾ അനുവദിക്കപ്പെടാതെ ഇപ്പോഴും അവശേഷിക്കുകയാണ്. അവ അനുവദിക്കാതെ പെൻഷൻ-പ്രോവിഡൻറ് ഫണ്ട് പദ്ധതി അദ്ധ്യാപകർക്ക് ഗുണകരമാവുകയില്ലെന്ന് നമുക്കറിവുള്ളതാണ്. ആവശ്യങ്ങൾ അംഗീകരിക്കപ്പെടുന്നതുവരെ സമരം തുടരേണ്ടിയിരിക്കുന്നു.

## ടീച്ചേഴ്സ് വെൽഫെയർ ട്രസ്റ്റ്.

റിപ്പോർട്ട വർഷത്തെ നമ്മുടെ പ്രവർത്തനങ്ങളിൽ പ്രധാനമായത് ടീച്ചേഴ്സ് വെൽഫെയർ ട്രസ്ററിൻെറ വിജയത്തിനുവേണ്ടിയുള്ളതായിരുന്നു. അകാലത്തിൽ നിര്യാതരാകുന്ന നമ്മുടെ സുഹൃത്തുക്കളുടെ കുടുംബാംഗങ്ങൾ നിരാലംബരാകുന്ന ഒരു സ്ഥിതിവിശേഷത്തെ കുറിച്ച് നമ്മുടെ സംഘടന കാര്യമായി ആലോചിച്ചു. അദ്ധ്യാപകവൃത്തിയിൽ തുടരാൻ ചിലർക്കു കഴിയാതെ വരുന്ന സാഹചര്യവും നാം കണക്കിലെടുത്തു. നിർഭാഗ്യരായ അദ്ധ്യാപക കുടുംബാംഗങ്ങളെ സഹായിക്കാനുള്ള ചുമതല എ. കെ. പി. സി. ററി. എ. ഏറെറടുക്കുവാൻ തീരുമാനിച്ചു. ആ തീരുമാനത്തിൻെറ അടിസ്ഥാനത്തിലാണ് നാം ഒരു ട്രസ്റ്റ്

രൂപീകരിച്ചതു്. 8-1-1977 ന് ട്രസ്റ്റിന്റെ നിയമാവലി രജിസ്റ്റർ ചെയ്യുകയും ചെയ്തു.

വെൽഫെയർ ട്രസ്റ്റ് അസ്സോസിയേഷൻ അംഗങ്ങളുടെ ഗുണത്തിനായുള്ളതാ ണ്. അംഗങ്ങൾ സഹകരിച്ചെങ്കിൽ മാത്രമേ പൂർണ്ണവിജയമുണ്ടാകൂ. 1978 മാർച്ചു അവസാനമാകുമ്പോഴേയ്ക്കു് നല്ലൊരു വിഭാഗം അസ്സോസിയേഷൻ അംഗങ്ങൾ ട്രസ്റ്റ് ഫണ്ടിലേയ്ക്കു് സബ്സ്ക്രൈബ് ചെയ്തിരിക്കണം എന്ന ലക്ഷ്യം വച്ചുള്ള ഊർ ജ്ജസ്വലമായ പ്രവർത്തനം നടത്തണമെന്നാണ് തീരുമാനിച്ചിരിക്കുന്നതു്. ലക്ഷ്യത്തിലെ ത്താൻ കഴിയും എന്നു തീർത്തു പറയാനാവില്ല. താത്പര്യപൂർവ്വമുള്ള പ്രവർത്തനം ചിലയിടങ്ങ ളിൽ നടന്നു എന്നതിനു് വ്യക്തമായ തെളിവുകളുണ്ടു്. പക്ഷെ പല കോളേജുകളിൽ പ്രതീക്ഷിച്ച തോതിലുള്ള പ്രവർത്തനം നടന്നിട്ടില്ലെന്നാണു മനസ്സിലാകുന്നതു്. എന്തായാ ലും ഒരു വർഷത്തെ പ്രവർത്തനത്തിൽ നിന്നും ഒരു കാര്യം വ്യക്തമായി. ബ്രാഞ്ചു് സെ ക്രട്ടറിമാർ വേണ്ടത്ര താൽപ്പര്യമെടുത്തു് പ്രവർത്തിച്ചിടങ്ങളിൽ പ്രതീക്ഷിച്ചത്ര അദ്ധ്യാപ കർ ട്രസ്റ്റിൽ ചേർന്നു; അല്ലാത്തിടങ്ങളിൽ സ്ഥിതി തീരെ മോശമാണെന്നു് പറയാതെ വയ്യ. ബ്രാഞ്ചുസെക്രട്ടറിമാർ ഊർജ്ജസ്വലതയോടെ പ്രവർത്തിക്കാതെ ഇവിടെ വിജയം ഉണ്ടാവുകയില്ല. നാം ഏറ്റെടുത്ത ഒരു മഹാസംരംഭം വിജയിപ്പിക്കേണ്ടതു് നാം തന്നെ യാണ്. നമ്മുടെ സംഘടനയുടെ വളർച്ചയും ട്രസ്റ്റിന്റെ വിജയവും ബന്ധപ്പെട്ടു കിടക്കു ന്നു എന്നു മനസ്സിലാക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. ബ്രാഞ്ചുസെക്രട്ടറിമാരുടെ ഭാഗ ത്തുനിന്നും തീവ്രശ്രമം ഉണ്ടാകേണ്ടിയിരിക്കുന്നു. അംഗങ്ങളെല്ലാം സഹകരിക്കുകയും വേണം.

## എ. കെ. പി. സി. റ്റി. എ. ജേർണൽ

റിപ്പോർട്ടുവർഷത്തിൽ എ. കെ. പി. സി. റ്റി. എ. ജേർണൽ പ്രസിദ്ധീകരണം നാം പുനരാരംഭിച്ചു. അസ്സോസിയേഷന്റെ വിവിധസമിതിയോഗങ്ങളുടെ തീരുമാനങ്ങൾ വിവിധ അധികാരികളിൽ നിന്നുമുള്ള കല്പനകൾ, സർക്കുലറുകൾ, കത്തുകൾ ഉന്നത വിദ്യാഭ്യാസരംഗത്തെ സുപ്രധാന സംഭവവികാസങ്ങളെ കുറിച്ചുള്ള വിവരങ്ങൾ, നാം അ ധികാരികൾക്കു് നൽകുന്ന നിവേദനങ്ങൾ ആദിയായവ പ്രസിദ്ധീകരിക്കുകയെന്നതാണ് ന മ്മുടെ ഉദ്ദേശം. എക്കാലവും ഉപയോഗിക്കാവുന്ന ഒരു റഫറൻസ് രേഖയാവണം ജേർണൽ. ഉള്ളടക്കത്തിലും സംവിധാനത്തിലും ആവശ്യമായ മാററം വരുത്തി ജേർണലി നെ കൂടുതൽ ആകർഷകമാക്കേണ്ടിയിരിക്കുന്നു. ഇതിനകം ജേർണൽ ബ്രാഞ്ചുകളിൽ ഉണ്ടാക്കിയ പ്രതികരണം പ്രോൽസാഹജനകമാണ്. എല്ലാ അംഗങ്ങളും ജേർണൽ വരി ക്കാരായിത്തീരണമെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു.

## സിലബസ് വർക്ക്ഷോപ്പ്:—

കേരള-കാലിക്കററ് സർവ്വകലാശാലകളുടെ പ്രീ-ഡിഗ്രി കോഴ്സിനുള്ള മോ ഡൽ സിലബസ് തയ്യാറാക്കുവാൻ അദ്ധ്യാപകരുടെ വർക്കുഷോപ്പുകൾ നടത്തണമെന്നതു് റിപ്പോർട്ടുവർഷത്തിൽ നാം കൈക്കൊണ്ട ഒരു സുപ്രധാന തീരുമാനമാണ്. തീരുമാനം നടപ്പാക്കുന്നതിനു് വേണ്ടിയുള്ള പ്രവർത്തനം കുറെയേറെ ഇതിനകം നടന്നുകഴിഞ്ഞു. വർ ക്ക്ഷോപ്പുകളുടെ ഒരു സ്കീം തയ്യാറാക്കുന്നതിനു വേണ്ടി പ്രൊഫ. ജി. മാധവൻ നായർ കൺവീനറായി ഒരു "അക്കാഡമിക് സ്റ്റഡിസബ്കമ്മിററി നാം രൂപീകരിച്ചു. സ ബ്കമ്മിററി തയ്യാറാക്കിയ സ്കീമിനു അന്തിമരൂപം നൽകിയതിനുശേഷം അതു് രണ്ടു യൂണിവേഴ്സിററികൾക്കും സമർപ്പിക്കുകയും സഹായധനം അഭ്യർത്ഥിക്കുകയും ചെയ്തു.

യു. ജി. സി. ചെയർമാൻ കേരളത്തിൽവന്ന അവസരത്തിൽ വർക്കഷോപ്പു സ്കീമിന്റെ ഒരു കോപ്പി നൽകുകയും വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുന്നതിനു് ആവശ്യമായ ധനസഹായം നൽകണമെന്നു് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു.

വർക്കഷോപ്പിന്റെ നടത്തിപ്പിനായി കേരളാ യൂണിവേഴ്സിററി 5000 രൂപായുടേയും കാലിക്കട്ട് യൂണിവേഴ്സിററി 3000 രൂപയുടേയും ധനസഹായം നൽകി. ഈ കാര്യത്തിൽ നമുക്കുള്ള കൃതജ്ഞത ഞാൻ ഇവിടെ സന്തോഷപൂർവം രേഖപ്പെടുത്തുന്നു.

ഒരു കോളേജദ്ധ്യാപക സംഘടന നടാടെയാണ് ഈ തരത്തിലുള്ള ഒരു സുപ്രധാന സംരംഭത്തിൽ ഏർപ്പെടുന്നതെന്നു് എടുത്തുപറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. മോഡേൺ സിലബസ് തയ്യാറാക്കുന്നതിന്റെ പിന്നിലെ മുഖ്യലക്ഷ്യങ്ങൾ, ഹൈസ്കൂൾ സിലബസും പ്രീഡിഗ്രി തലത്തിലുള്ള സിലബസും തമ്മിലുള്ള അന്തരം ഒഴിവാക്കുക, ജനജീവിതവുമായി ഉന്നതവിദ്യാഭ്യാസത്തെ ബന്ധപ്പെടുത്തുക, വിദ്യാഭ്യാസം കഴിവതും തൊഴിലധിഷ്ടിതമാക്കുക എന്നിവയാണ്. അതാതു് വിഷയങ്ങളിൽ വൈദഗ്ധ്യമുള്ളവരുമായി ആവശ്യമായ ചർച്ച നടത്തിയശേഷം വിവിധ വിഷയങ്ങൾക്കുള്ള കരടു് സിലബസുകൾ സബ് കമ്മററി എഴുതി തയ്യാറാക്കും. പ്രാഥമിക പരിശോധനയ്ക്കുശേഷം അവ ജില്ലാ തലങ്ങളിൽ നടക്കുന്ന വർക്ക്ഷോപ്പുകളിൽ അവതരിപ്പിക്കും. വർക്ക്ഷോപ്പുകളിൽ പൊന്തിവരുന്ന നിർദ്ദേശങ്ങൾ കണക്കിലെടുത്തിട്ടായിരിക്കും സിലബസിനു് അന്തിമരൂപം നൽകുക.

ഇത്രയും ശ്രമകരമായ ഒരു സംരംഭം വിജയിപ്പിക്കണമെങ്കിൽ അദ്ധ്യാപകർ സജ്ജീവമായി ഇതിൽ സഹകരിക്കണമെന്നു് ഞാൻ പ്രത്യേകിച്ചു് പറയേണ്ടതില്ലല്ലോ. എല്ലാ അദ്ധ്യാപകരും ഇതു് വിജയിപ്പിക്കുന്നതിനുവേണ്ടി പ്രവർത്തിക്കണമെന്നു് അഭ്യർത്ഥിക്കുന്നു.

## പ്രവർത്തക ക്യാമ്പു്.

സംഘടനാ പ്രവർത്തനം, സർവ്വകലാശാലാ നിയമം, സ്ററാററ്യൂട്ടുകൾ, ഓർഡിനൻസുകൾ, റെഗുലേഷനുകൾ, പെൻഷൻ-പ്രോവിഡൻറു് പദ്ധതിയുടെ സ്ററാററ്യൂട്ടുകൾ, മററു സേവനവ്യവസ്ഥകൾ, നമ്മുടെ സംഘടനയുടെ വളർച്ചയുടെ ചരിത്രം എന്നിവയെക്കുറിച്ചു് സംഘടനാപ്രവർത്തകരെ കൂടുതൽ ബോധവാന്മാരാക്കി അവരുടെ പ്രവർത്തനം മെച്ചപ്പെടുത്തും അദ്ധ്യാപകർക്കു് കൂടുതൽ പ്രയോജനപ്രദവുമാക്കുന്നതിനുവേണ്ടി സംഘടനാപ്രവർത്തകരുടെ ഒരു ക്യാമ്പു് നടത്തണമെന്നു് നാം തീരുമാനിച്ചിരിക്കുകയാണു്. മൂന്നു ദിവസം നീണ്ടു നിൽക്കുന്ന ഒരു ക്യാമ്പാണു് നാം ഉദ്ദേശിക്കുന്നതു്.

സംഘടനാ പ്രവർത്തനരംഗത്തെ ഒരു നൂതനമായ കാൽവെപ്പാണിതെന്നു് പറയേണ്ടതില്ലല്ലോ. ഒരു പുതിയ പ്രവർത്തനശൈലിക്കു രൂപം നൽകുകയെന്നതാണു് ക്യാമ്പിന്റെ ഉദ്ദേശം. പുതിയ പ്രവർത്തക സമിതി ക്യാമ്പിന്റെ വിശദാംശങ്ങൾ നിശ്ചയിച്ചു് ക്യാമ്പു് നടത്തുമെന്നു് നമുക്കു പ്രത്യാശിക്കാം.

## ജില്ലാ കൗൺസിൽ പ്രവർത്തനം.

1976-ൽ നാം രൂപംനൽകിയ ജില്ലാതലത്തിലുള്ള പ്രവർത്തനസംവിധാനം ഈ വർഷം കൂടുതൽ ഫലപ്രദമായിത്തീർന്നു. ഈ വർഷം നടപ്പിൽ വരുത്തിയ ചില ഏർപ്പാടുകളുടെ ഫലമായി ജില്ലാ പ്രവർത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടു് യഥാസമയം വർക്കിംഗ് കമ്മററിക്കു ലഭിച്ചുകൊണ്ടിരുന്നു. ജില്ലാ കൗൺസിലുകളുടെ ഈ വർഷത്തെ പ്രവർത്തനം മുഖ്യമായും അസ്സോസിയേഷൻ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിനും വെൽഫെയർ ട്രസ്റ്റിൽ അംഗങ്ങളെ

ചേർക്കുന്നതിനും നമ്മുടെ പ്രകടനങ്ങളും ധർണ്ണകളും വിജയിപ്പിക്കുന്നതിനും വേണ്ടിയുള്ള തായിരുന്നു. അംഗസംഖ്യ കാര്യമായി വർദ്ധിച്ചു. വെൽഫെയർ ട്രസ്റ്റിൽ അംഗങ്ങളെ ചേർക്കാൻ കഴിഞ്ഞു. നമ്മുടെ പ്രകടനങ്ങളും സത്യഗ്രഹങ്ങളും വമ്പിച്ച വിജയമാക്കിത്തീർക്കാൻ കഴിഞ്ഞു. ജില്ലാ കൗൺസിലുകളുടെ മെച്ചപ്പെട്ട പ്രവർത്തനം മൂലമാണ് ഇതൊക്കെ നടന്നത്.

ജില്ലാ സംവിധാനം വിജയിപ്പിക്കുന്നതിന് കൂടുതൽ ഉത്തരവാദിത്വം ജില്ലാ ഭാരവാഹികൾ ഏറ്റെടുക്കേണ്ടിയിരിക്കുന്നു. കുറച്ചുകൂടി ശക്തമായ പ്രവർത്തനം ജില്ലാതലങ്ങളിൽ ഉണ്ടാകണം. കാര്യമായ മാററം അതുമൂലമുണ്ടാകുമെന്നത് തീർച്ചയാണ്.

**അയ്ഫക്ടോ.**

അയ്ഫക്ടോയുടെ ആഭിമുഖ്യത്തിൽ 1977 ഡിസംബർ 5-ന് പാർലിമെൻറിനു മുമ്പിൽ ഇന്ത്യയിലെ കോളേജ്-യൂണിവേഴ്സിററി അദ്ധ്യാപകരുടെ ഒരു ശക്തിപ്രകടനം നടന്നു. പ്രൊഫ. ആർ. രാമചന്ദ്രൻ നായരുടെ നേതൃത്വത്തിലുള്ള എ. കെ. പി. സി. റി. എ. പ്രതിനിധിസംഘം പ്രകടനത്തിൽ പങ്കെടുത്തു. ഇന്ത്യയൊട്ടുക്കുള്ള കോളേജ്-യൂണിവേഴ്സിററി അദ്ധ്യാപകർക്ക് മുൻകാല പ്രാബല്യത്തോടെ യു. ജി. സി. സ്കെയിലുകൾ അനുവദിച്ചു നൽകുക, സേവനഭദ്രത ഉറപ്പു വരുത്തുന്നതിനുള്ള നിയമനിർമ്മാണം നടത്തുക, മെച്ചപ്പെട്ട വാർദ്ധക്യകാലാനുകൂല്യങ്ങൾ അനുവദിക്കുക, വാസസൗകര്യവും വൈദ്യസഹായവും ലഭ്യമാക്കുക; കേന്ദ്ര-സംസ്ഥാന ബജററുകളിൽ വിദ്യാഭ്യാസത്തിന് കൂടുതൽ തുക വകയിരുത്തുക, സർക്കാരുകളും യു. ജി. സി. യും രൂപീകരിക്കുന്ന അക്കാഡമിക് സമിതികളിൽ അയ്ഫക്ടോയ്ക്കും സംസ്ഥാനഘടകങ്ങൾക്കും പ്രാതിനിദ്ധ്യം നൽകുക തുടങ്ങിയ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനു വേണ്ടിയാണ് പ്രകടനം നടത്തിയത്. പ്രകടനത്തിനു ശേഷം പ്രൊഫ. ആർ. രാമചന്ദ്രൻ നായർ ഉൾപ്പെടെയുള്ള അയ്ഫക്ടോ ഭാരവാഹികൾ ആവശ്യങ്ങൾ അടങ്ങിയ ഒരു മെമ്മോറാണ്ടം പ്രധാനമന്ത്രിക്ക് സമർപ്പിച്ചു.

അയ്ഫക്ടോയുടെ ശ്രമഫലമായിട്ടായിരിക്കും ഭാവിയിൽ നമുക്ക് ശമ്പളപരിഷ്കാരങ്ങൾ ഉണ്ടാകുക എന്ന് നാം ഓർക്കേണ്ടതുണ്ട്. അയ്ഫക്ടോയ്ക്ക്, ശക്തമായ സമരങ്ങൾ സംഘടിപ്പിക്കാൻ കഴിയണം.

**എൻ. എസ്. എസ്. കോളേജുകളിലെ അദ്ധ്യാപകസമരം.**

വിദ്യാഭ്യാസ രംഗത്തെ അഴിമതി നിർമ്മാർജ്ജനം ചെയ്യുകയെന്ന ഉദ്ദേശത്തോടുകൂടിയുള്ള നമ്മുടെ സമരത്തിൽ മുന്നണി പടയാളികളായിരുന്നു എൻ. എസ്. എസ്. കോളേജുകളിലെ നമ്മുടെ സുഹൃത്തുക്കൾ. വ്യാപകമായ തോതിൽ അഴിമതി നടത്തുകയും അഴിമതിക്കെതിരെ ശബ്ദമുയർത്തുന്നവരുടെ കുടുംബജീവിതം തകർക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഒരു മാനേജ്മെൻറിൻെറ ഹെഡ്ക്വാർട്ടേഴ്സിനു മുമ്പിൽ പ്രകടനവും സത്യഗ്രഹവും നടത്തി അഴിമതി പ്രശ്നത്തിലേയ്ക്ക ജനശ്രദ്ധ തിരിച്ചുവിടാൻ അവർക്കു കഴിഞ്ഞു. സ്ഥലം മാററങ്ങൾക്കു് വ്യക്തമായ വ്യവസ്ഥകൾ ഉണ്ടാക്കി സ്ഥലം മാററങ്ങളിലെ അഴിമതി അവസാനിപ്പിക്കുക, അദ്ധ്യാപക-അനദ്ധ്യാപക നിയമനം, സ്ഥലം മാററം വിദ്യാർത്ഥികളുടെ പ്രവേശനം എന്നിവയ്ക്ക് കോഴവാങ്ങുന്ന സമ്പ്രദായം അവസാനിപ്പിക്കുക, നിർബന്ധിത പിരിവുകൾ അവസാനിപ്പിക്കുക, ജീവനക്കാരുടെ സീനിയോറിററി

ലിസ്റ്റുകൾ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം തയ്യാറാക്കുക, എൻ. എസ്. എസ്. ഭരണസമിതികളിൽ ജീവനക്കാർക്ക് പ്രാതിനിധ്യം നൽകുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് നമ്മുടെ സുഹൃത്തുക്കൾ എൻ. എസ്. എസ്. സ്ഥാപനങ്ങളിലെ ഇതരവിഭാഗങ്ങളുമായി ചേർന്ന് സത്യാഗ്രഹം നടത്തിയതു്. അദ്ധ്യാപകർ ഉന്നയിക്കുന്ന ആവശ്യങ്ങൾ അനുഭാവപൂർവം പരിശോധിക്കുന്നതിനു പകരം അവരെ പീഡിപ്പിക്കുന്നതിനും അധിക്ഷേപിക്കുന്നതിനുമാണ് മാനേജുമെന്റ് മുതിരുന്നതു്. ഇതു് ഒരു മാനേജ്മെന്റിനും ഭൂഷണമാവില്ല. ചുവരെഴുത്തുകൾ കാണാൻ മാനേജ്മെന്റ് തയ്യാറാകുമെന്നും അദ്ധ്യാപകരുടെ അവശതകൾ പരിഹരിക്കുമെന്നും നമുക്കു പ്രത്യാശിക്കാം.

## എസ്. എൻ. കോളേജദ്ധ്യാപക പ്രശ്നങ്ങൾ.

അദ്ധ്യാപകരുടെ ന്യായമായ ആവശ്യങ്ങൾ അനിശ്ചിതമായി നിഷേധിക്കുന്നതിൽ എസ്. എൻ. മാനേജ്മെന്റ് കുപ്രസിദ്ധിയാർജ്ജിച്ചു കഴിഞ്ഞിരിക്കുകയാണ്. കുടിശ്ശികകൾ നൽകുക, സ്ഥലം മാറ്റങ്ങൾ പൊതുവിൽ സ്വീകാര്യമായ തത്വങ്ങളുടെ അടിസ്ഥാനത്തിൽ നടത്തുക, പ്രൊമോഷൻ തസ്തികകളിലേയ്ക്കു് നിയമനം നടത്തുന്നതിലുള്ള അനാവശ്യകാലതാമസം ഒഴിവാക്കുക, യൂണിവേഴ്സിറ്റി റൂളുകളും നിർദ്ദേശങ്ങളുമനുസരിച്ച് അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കുക, മാനേജിംഗ് കൗൺസിലുകൾ രൂപീകരിക്കുക തുടങ്ങിയ ആവശ്യങ്ങൾ അദ്ധ്യാപകർ വർഷങ്ങളായി ഉന്നയിക്കുന്നെങ്കിലും അവ അംഗീകരിക്കാൻ മാനേജുമെന്റ് ഇതേവരെ തയ്യാറായിട്ടില്ല. ആവശ്യങ്ങൾ അംഗീകരിക്കാൻ മാനേജ്മെന്റ് കൂട്ടാക്കാതിരിക്കുന്നതിലും പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിലും പ്രതിഷേധിച്ച് പണിമുടക്കുകകളുൾപ്പെടെയുള്ള സമര പരിപാടികൾ സ്വീകരിക്കാൻ എസ്. എൻ. കോളേജുകളിലെ എ. കെ. പി. സി. റ്റി. എ. കൗൺസിലർമാർ '77 ഒക്ടോബർ 22-ാംനു യോഗം ചേർന്നു തീരുമാനിച്ചു. ഇതിനെ തുടർന്നു പ്രശ്നങ്ങളെക്കുറിച്ച് ചർച്ചചെയ്യുന്നതിനായി മാനേജർ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി ചില ഉറപ്പുകൾ അദ്ദേഹം അന്നു നൽകി. ഈ ഉറപ്പുകൾ ഇതേവരെ പാലിക്കപ്പെട്ടിട്ടില്ല. സമരമല്ലാതെ മറ്റു് പോംവഴിയില്ലെന്നുവന്നു. 15-1-78-നു ചേർന്ന അദ്ധ്യാപകരുടെ യോഗം മാനേജർ തന്ന ഉറപ്പുകൾ പാലിക്കാത്തതിൽ പ്രതിഷേധിച്ച് എസ്. എൻ. ട്രസ്റ്റ് ഓഫീസ് പടിക്കൽ സത്യാഗ്രഹം നടത്താൻ തീരുമാനിച്ചു. അദ്ധ്യാപകർക്ക് ദ്രോഹകരമായ പ്രവൃത്തികളിൽ തുടർന്നു ഏർപ്പെട്ടാൽ അദ്ധ്യാപകർ വെറുതെ നോക്കിയിരിക്കുകയില്ലെന്നു മാനേജ്മെന്റ് മനസ്സിലാക്കുമെന്നു പ്രതീക്ഷിക്കുന്നു. അദ്ധ്യാപകരുടെ ആവശ്യങ്ങൾ നിഷേധിക്കുകയും അവരെ പീഡിപ്പിക്കുകയും ചെയ്യുന്നതുവഴിയല്ല സ്ഥാപനങ്ങൾ ഉയർച്ച പ്രാപിക്കുന്നതെന്നു് മാനേജ്മെന്റ് ഇനിയെങ്കിലും മനസ്സിലാക്കിയെങ്കിൽ!

## ഡി. ബി. കോളേജുകളിലെ അദ്ധ്യാപകരുടെ പ്രശ്നങ്ങൾ.

നരിയമ്പാറ ഡി. ബി. എസ്. കോളേജിൽ ഈ അദ്ധ്യയനവർഷം ആരംഭത്തിൽ ഒരു പ്രശ്നം ഉണ്ടായി. ഒന്നാംവർഷ പ്രീഡിഗ്രി ക്ലാസ്സിലേക്ക് അവിടെ ഈ വർഷം കുട്ടികളെ പ്രവേശിപ്പിക്കേണ്ടതില്ലെന്നു് കേരള യൂണിവേഴ്സിറ്റി കോളേജ് പ്രിൻസിപ്പലിനു് നിർദ്ദേശം നൽകിയതിനെത്തുടർന്നാണ് പ്രശ്നം ഉണ്ടായതു്. ഈ പ്രശ്നത്തെക്കുറിച്ച് ചർച്ചചെയ്യുന്നതിനുവേണ്ടി ദേവസ്വം ബോർഡ് അധികാരികൾ ബോർഡ് ഓഫീസിൽ

ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി. ഡി. ബി. കോളേജുകളിലെ അദ്ധ്യാപകരെ ഒരുതരത്തിലും പ്രതികൂലമായി ബാധിക്കാത്ത വിധത്തിൽ പ്രശ്നം പരിഹരിക്കാൻ മാനേജ്മെന്റ് ശ്രമിക്കണമെന്നും അല്ലാത്തപക്ഷം ശക്തമായ നടപടികൾ സ്വീകരിക്കാൻ അദ്ധ്യാപകർ നിർബന്ധിതരായിത്തീരുമെന്നും കോൺഫറൻസിൽ സംബന്ധിച്ച എ.കെ.പി.സി.റ്റി.എ. പ്രതിനിധികൾ വ്യക്തമാക്കി.

നരിയമ്പാറ കോളേജിലെ പ്രത്യേക പ്രശ്നങ്ങളേയും ഡി. ബി. കോളേജുകളിലെ മൊത്തം അദ്ധ്യാപകരുടെ പ്രശ്നങ്ങളേയും കുറിച്ച് ചർച്ചചെയ്യുന്നതിനുവേണ്ടി ഡി.ബി. കോളേജുകളിലെ എ. കെ. പി. സി. റ്റി. എ. കൗൺസിലർമാരുടെ ഒരു യോഗം, എ.കെ. പി. സി. റ്റി. എ. സംസ്ഥാന കൗൺസിലിന്റെ നിർദ്ദേശപ്രകാരം, ജനറൽ സെക്രട്ടറി വിളിച്ചുകൂട്ടി. നരിയമ്പാറ കോളേജിലെ പ്രശ്നത്തെക്കുറിച്ചാണ് യോഗം മുഖ്യമായും ചർച്ചചെയ്തതു്. നരിയമ്പാറ കോളേജിൽ വർക്ക്ലോഡു കുറഞ്ഞു എന്ന കാരണത്താൽ ജീവനക്കാരുടെ ശമ്പളബില്ലുകൾ പാസ്സാക്കി നൽകുകയില്ലെന്ന അധികാരികളുടെ നിലപാടിൽ യോഗം ശക്തിയായി പ്രതിഷേധിച്ചു. എ. കെ. പി. സി. റ്റി. എ. പ്രതിനിധികൾ ഈ പ്രശ്നത്തിനു പരിഹാരം കാണുന്നതിനായി അധികാരികളെ നിരവധി പ്രാവശ്യം കണ്ടു മെമ്മോറാണ്ടം സമർപ്പിക്കുകയും അധികാരികളുമായി പ്രശ്നത്തെക്കുറിച്ച് ചർച്ചചെയ്യുകയും ചെയ്തു. നാം ഉന്നയിക്കുന്ന ആവശ്യം ഇതാണ്—നമ്മുടെ അദ്ധ്യാപകർക്ക് യാതൊരു ഉപാധിയും കൂടാതെ ശമ്പളം ലഭിക്കണം; നരിയമ്പാറ കോളേജിലെ എല്ലാ അദ്ധ്യാപകരേയും അടുത്ത അദ്ധ്യയന വർഷാരംഭത്തിനു മുമ്പ് മററു ഡി. ബി. കോളേജുകളിലേയ്ക്ക് സ്ഥലംമാററി സംരക്ഷിക്കണം.

ഡി. ബി. കോളേജുകളിലെ ചില അദ്ധ്യാപകരുടെ ലക്ചറർ ആയുള്ള പ്രമോഷന് യൂണിവേഴ്സിററി അംഗീകാരം നൽകുന്നില്ലെന്ന പ്രശ്നമുണ്ട്. അദ്ധ്യാപകരുടെ ഒരു സീനിയോറിററി ലിസ്റ്റ് മാനേജ്മെൻറ് ഇതേവരെ തയ്യാറാക്കിയിട്ടില്ല. കാഡർ പ്രൊമോഷൻ തസ്തികകളിലേക്ക് അർഹരായവർക്ക് യഥാകാലം പ്രൊമോഷൻ നൽകി നിയമിക്കുകയില്ല. മാനേജ്മെൻറിന്റെ നടപടികൾ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ബുദ്ധിമുട്ടുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്.

നരിയമ്പാറ കോളേജിലെ അദ്ധ്യാപകരുടെ പ്രശ്നങ്ങളെക്കുറിച്ച് ചർച്ചചെയ്ത് ശാശ്വതപരിഹാരമുണ്ടാക്കുന്നതിന് ഒരു സ്പെഷ്യൽ കോൺഫറൻസ് വിളിച്ചുകൂട്ടണമെന്ന് നാം സർക്കാരിനോടാവശ്യപ്പെട്ടിരിക്കുകയാണ്. കോൺഫറൻസ് ഉടൻ ഉണ്ടാകുമെന്നു കരുതാം. (പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുവേണ്ടി ഉടൻതന്നെ കോൺഫറൻസു വിളിക്കാമെന്ന് ഫെബ്രുവരി 17-ാംനു- സ്പെഷ്യൽ സെക്രട്ടറി നമ്മെ അറിയിച്ചു.)

## മണ്ണാർകാട്ട് എം. ഇ. എസ്. കോളേജിലുണ്ടായ പ്രശ്നം.

ഈ അദ്ധ്യയന വർഷാരംഭത്തിനു മുമ്പ് മണ്ണാർകാട്ട് എം. ഇ. എസ്. കോളേജിൽ പ്രിൻസിപ്പലിന്റെ നയക്കുറവും ദീർഘവീക്ഷണമില്ലായ്മയും മൂലം ചില പ്രശ്നങ്ങളുണ്ടായി. അദ്ധ്യാപകർക്കു ന്യായമായി ലഭിക്കേണ്ട അവകാശങ്ങളും ആനുകൂല്യങ്ങളും നിഷേധിക്കുക; അദ്ധ്യാപകരോട് അനുഭാവശൂന്യമായി പെരുമാറുക എന്നിവയായിരുന്നു പ്രിൻസിപ്പലിന്റെ പ്രവൃത്തികൾ. സംഘടനാപ്രവർത്തകർക്കെതിരെ പ്രിൻസിപ്പൽ ശിക്ഷണനടപടികൾ സ്വീകരിക്കാൻ മുതിർന്നു. എ. കെ. പി. സി. റ്റി. എ. സമയത്തു് ഇടപെട്ട് പ്രശ്നങ്ങൾ കൂടുതൽ വഷളാകുന്നതിനു മുമ്പ് പരിഹരിച്ചു.

## സ്ഥലംമാററം നിയന്ത്രിക്കുന്നതിനുള്ള പൊതുതത്വങ്ങൾ.

കോർപ്പറേററ് മാനേജ്മെൻറുകളുടെ തത്വദീക്ഷാരഹിതമായ സ്ഥലം മാററങ്ങൾ മൂലം അദ്ധ്യാപകർ വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. സംഘടനാ പ്രവർത്തകർക്കെതിരെ ദ്രോഹബുദ്ധിയോടെതന്നെ സ്ഥലംമാററമെന്ന ആയുധം അവർ പ്രയോഗിച്ചുകൊണ്ടിരിക്കുന്നു. സ്ഥലം മാററം നിയന്ത്രിക്കുന്നതിന് പൊതുതത്വങ്ങൾ ഉണ്ടാകാതെ അദ്ധ്യാപകർക്കു രക്ഷയില്ല. സർക്കാരും യൂണിവേഴ്സിററികളും വേണ്ടതു ചെയ്യണമെന്ന അഭ്യർത്ഥിച്ചിരിക്കുകയാണ്. സർക്കാരും യൂണിവേഴ്സിററികളും ഇക്കാര്യത്തിൽ മുൻകൈ എടുക്കുകതന്നെ വേണം. പൊതുമാനദണ്ഡങ്ങൾ ഉണ്ടാകുന്നതിന് വേണ്ടി നാം ഭഗീരഥ പ്രയത്നം ചെയ്യേണ്ടിയിരിക്കുന്നു.

## യൂണിവേഴ്സിററി സമിതികളിലെ നമ്മുടെ അംഗങ്ങളുടെ പ്രവർത്തനം.

യൂണിവേഴ്സിററി സിൻഡിക്കേററ് സെനററ് അക്കാഡമിക് കൗൺസിൽ എന്നീ സമിതികളിലെ നമ്മുടെ പ്രതിനിധികളായ അംഗങ്ങളുടെ പ്രവർത്തനം ഫലവത്താക്കുന്നതിനുള്ള സംവിധാനം എ. കെ. പി. സി. ററി. എ. ഉണ്ടാക്കിയിട്ടുണ്ട്. രണ്ടു സിൻഡിക്കേററംഗങ്ങളെയും സഹായിക്കുന്നതിനു പ്രത്യേകം കമ്മററികൾ രൂപീകരിച്ചിട്ടുണ്ട്.

### കോഴിക്കോട് യൂണിവേഴ്സിററി.

1) പ്രൊഫ. ഐ. ജി. ഭാസ്കരപ്പണിക്കർ
2) ശ്രീ. വി. നാരായണൻകുട്ടി.
3) ശ്രീ. സി. കെ. വർഗ്ഗീസ്
4) പ്രൊഫ. എം. ആർ. ചന്ദ്രശേഖരൻ (കൺവീനർ)

### കേരള യൂണിവേഴ്സിററി.

1) പ്രൊഫ. ആർ. ആർ. സി.
2) ,, ടി. ഗോപാലകൃഷ്ണൻ
3) ,, ജി. മാധവൻനായർ
4) ,, കെ. സി. ചാക്കോ. (കൺവീനർ)

ഓരോ യൂണിവേഴ്സിററിയിലേയും നമ്മുടെ സെനററർമാരുടെ ഫോറം രൂപീകരിച്ചിട്ടുണ്ട്. ഫോറത്തിനു കൺവീനറേയും നിശ്ചയിച്ചിട്ടുണ്ട്. ഓരോ സെനററുയോഗത്തിനും മുമ്പുകൂടുന്ന സെനററർമാരുടെ യോഗം പ്രശ്നങ്ങൾ വിശദമായി ചർച്ചചെയ്യുന്നുണ്ട്. അക്കാഡമിക് കൗൺസിൽ അംഗങ്ങളുടെ പ്രവർത്തനം ഫലപ്രദമാക്കുന്നതിനുള്ള സംവിധാനവുമുണ്ട്. നമ്മുടെ പ്രതിനിധികൾക്ക് ഇന്ന് ഓരോപ്രശ്നവും വേണ്ട രീതിയിൽ യൂണിവേഴ്സിററി സമിതികളിൽ കൈകാര്യം ചെയ്യുവാൻ കഴിയുന്നുണ്ട്.

## അവകാശസമരങ്ങൾക്കു് എ. കെ. പി. സി. ററി. എ.യുടെ പിന്തുണ.

1970–ൽ ഉണ്ടായ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള പരിമിതങ്ങളായ ആനുകൂല്യംപോലും അധികാരി വർഗ്ഗം അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് കേരളത്തിലെ സ്വകാര്യകോളേജുകളിലെ അനദ്ധ്യാപക ജീവനക്കാർ 1977 നവംബർ 15 മുതൽ നടത്തിയ

പണിമുടക്ക സമരത്തിനു നാം എല്ലാവിധമായ സഹായങ്ങളും വാഗ്ദാനം ചെയ്തിരുന്നു. ആവശ്യം അംഗീകരിച്ച് സമരം ഒത്തുതീർപ്പാക്കണമെന്ന് നാം പുറപ്പെടുവിച്ച പ്രസ്താവനയിൽ സർക്കാരിനോടഭ്യർത്ഥിക്കുകയും ചെയ്തു. ഇടക്കാലാശ്വാസം അനുവദിക്കുക, ഡൈയ്സ്നോൺ പിൻവലിക്കുക, ശമ്പളക്കമ്മീഷന്റെ ഘടനയിലും ടേംസ് ഓഫ് റഫറൻസിലും മാറ്റം വരുത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കേരളത്തിലെ സ്കൂളദ്ധ്യാപകരും സർക്കാർ ജീവനക്കാരും ഡിസംബർ 11 മുതൽ നടത്തിയ പണിമുടക്കസമരത്തിനും എ. കെ. പി. സി. റ്റി എ. സർവ്വവിധമായ പിന്തുണയും പ്രഖ്യാപിച്ചിരുന്നു. ആവശ്യങ്ങളോടുള്ള നിഷേധനയവും പിടിവാശിയും ഉപേക്ഷിച്ച് സമരം ഒഴിവാക്കാൻ സർക്കാർ ശ്രമിക്കണമെന്നു അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു.

അവകാശസമരങ്ങൾ വിജയപ്രദമാക്കുന്നതിന് നമ്മുടെ സംഘടന കഴിവതു പരിശ്രമിച്ചിട്ടുണ്ടെന്ന് പറഞ്ഞുകൊള്ളട്ടെ.

## ഉപസംഹാരം.

പരിഹരിക്കപ്പെടേണ്ട വളരെയേറെ പ്രശ്നങ്ങളുണ്ട്. ഉടനടി ഇവയ്ക്ക് പരിഹാരം കാണേണ്ടതായുമിരിക്കുന്നു. സംഘടനയ്ക്കു കരുത്തുണ്ടെങ്കിൽ മാത്രമെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയൂ. അംഗങ്ങളാണ് സംഘടനയുടെ ശക്തിയും കരുത്തും. അംഗസംഖ്യ വർദ്ധിക്കണം. സ്വകാര്യകോളേജദ്ധ്യാപകർ ഇന്ന് എ. കെ. പി. സി. റ്റി. എ. യുടെ പ്രവർത്തനത്തെ ശ്രദ്ധാപൂർവം വീക്ഷിക്കുകയാണ്. നമ്മുടെ സംഘടനയോട് ആഭിമുഖ്യമുള്ളവരാണ് സ്വകാര്യകോളേജദ്ധ്യാപകരെല്ലാം. അതു് എത്രയോ തവണ തെളിഞ്ഞിരിക്കുന്നു. എല്ലാവരേയും നമ്മുടെ കൊടിക്കീഴിൽ അണിനിരത്താൻ നമുക്കു കഴിയുമെന്നതിൽ സംശയലേശമില്ല. എ. കെ. പി. സി. റ്റി. എ. കേരളത്തിലെ എല്ലാ സ്വകാര്യ കോളേജദ്ധ്യാപകരുടേയും സമരവേദി ആകണം. ആകുന്ന കാലം വിദൂരമല്ല.

നമുക്കിന്ന് പുതിയ ചുമതലകൾ ഉണ്ടായിരിക്കുന്നു. ഉന്നത വിദ്യാഭ്യാസരംഗത്തെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സംഘടനകളുടെ ഐക്യവേദി കെട്ടിപ്പടുക്കുവാൻ മുൻകൈ എടുക്കുകയെന്നതാണ് അവയിൽ മുഖ്യമായതു്. അദ്ധ്യാപക സംഘടനകൾ വർദ്ധിച്ച ഐക്യത്തോടുകൂടി പ്രവർത്തിക്കേണ്ടതാവശ്യമാണെന്നു് നാം കരുതുന്നു. ഐക്യവേദി പടുത്തുയർത്തുവാൻ കഴിഞ്ഞാൽ മാത്രമെ അദ്ധ്യാപകരുടെ വിവിധങ്ങളായ പൊതുപ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയൂ.

അസ്സോസിയേഷൻ ജനറൽ സെക്രട്ടറിയായി എന്നെ ഏകകണ്ഠമായി തിരഞ്ഞെടുക്കുകയും എന്റെ കൃത്യനിർവഹണത്തിൽ എന്നെ സഹായിക്കുകയും ചെയ്ത ബഹുമാനപ്പെട്ട കൗൺസിൽ അംഗങ്ങളോട് എന്റെ നിസ്സീമമായ കൃതജ്ഞത ഞാൻ ഇവിടെ രേഖപ്പെടുത്തട്ടെ. ഒരു ജനറൽ സെക്രട്ടറിയുടെ ജോലി ഇത്രയേറെ ഭാരിച്ചതാണെന്നു ഞാനറിഞ്ഞിരുന്നില്ല. ഒരു വർഷം ആ ജോലി ചെയ്തു എന്നതു് വളരെ അഭിമാനകരമായ ഒന്നായി ഞാൻ കരുതുന്നു. പ്രഗൽഭരായ മുൻഗാമികൾ എന്റെ പ്രവർത്തനങ്ങളെ താൽപര്യപൂർവം ശ്രദ്ധിക്കുകയും എനിക്കുവേണ്ട ഉപദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. പ്രവർത്തകസമിതിയിലെ എന്റെ സഹപ്രവർത്തകർ എന്നെ സർവഥാ സഹായിച്ചിരുന്നു. അവരോട് എനിക്കുള്ള കൃതജ്ഞത രേഖപ്പെടുത്തുവാൻ എനിക്കതിയായ സന്തോഷമുണ്ട്.

നമ്മുടെ പ്രസിഡന്റ് പ്രൊഫസർ ആർ. ആർ. സി. യോട് വ്യക്തിപരമായി എനിക്കു വളരെ കടപ്പാടുണ്ട്. അദ്ദേഹത്തിന്റെ സ്നേഹനിർഭരമായ നിർദ്ദേശങ്ങൾ എന്റെ പ്രവർത്തനങ്ങൾക്ക് എപ്പോഴും ശക്തി നൽകിയിരുന്നു. അദ്ധ്യാപക പ്രസ്ഥാനത്തിലെ ഈ ഭീഷ്മാചാര്യരുടെ കീഴിൽ ജനറൽ സെക്രട്ടറിയായി പ്രവർത്തിക്കുവാൻ കഴിഞ്ഞു എന്നത് വ്യക്തിപരമായ ഒരു വലിയ നേട്ടമായി ഞാൻ എക്കാലവും കരുതും.

ബഹുമാനപ്പെട്ട സമിതി അംഗങ്ങൾ ഈ റിപ്പോർട്ട് അംഗീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

കൊച്ചി,
20-3-1978.

റ്റി. ഗോപാലകൃഷ്ണൻ
(ജനറൽ സെക്രട്ടറി)

# THE ALL-KERALA PRIVATE COLLEGE TEACHERS' ASSOCIATION

## Receipts and payments account for the year ended 31-12-1977

| RECEIPTS | Rs. | Ps. | PAYMENTS | Rs. | Ps. |
|---|---|---|---|---|---|
| Cash and Bank balance as on 1–1–1977 | 11,984 | 54 | Affiliation fee AIFUCTO | 300 | 00 |
| Enrolment fee | 135 | 00 | Printing and Stationery | 5,257 | 37 |
| Life Membership | 600 | 00 | Postage and Telegram | 3,479 | 90 |
| Membership subscription (77-78) | 40,230 | 00 | Travelling expenses | 14,881 | 85 |
| –do– arrears (76–77) | 1,500 | 00 | Deputation expenses | 1,781 | 48 |
| Interest on Deposits | 421 | 90 | Meeting expenses | 4,005 | 70 |
| Advances recovered | 14,215 | 33 | Election expenses | 650 | 70 |
| Candidate fee (University election) | 100 | 00 | Office expenses | 1,898 | 68 |
| Levy collected from Representatives on the University Bodies | 845 | 50 | Honorarium to Auditor | 150 | 00 |
| Seminar balance | 293 | 19 | Contingency expenses | 1,758 | 13 |
| Convention Account balance | 1,519 | 94 | Bank charges | 86 | 39 |
| | | | Advances paid | 11,902 | 93 |
| | | | Legal expenses | 501 | 70 |
| | | | Balance as on 31–12–77 | 25,190 | 57 |
| Total | 71,845 | 40 | Total | 71,845 | 40 |

| Sd/– PRESIDENT | Sd/– GENERAL SECRETARY | Sd/– TREASURER | Sd/– HON. AUDITOR |
|---|---|---|---|

# THE ALL-KERALA PRIVATE COLLEGE TEACHERS' ASSOCIATION

## Income and Expenditure Account for the year ended on 31-12-1977.

| EXPENDITURE | Rs. | Ps. | INCOME | Rs. | Ps. |
|---|---|---|---|---|---|
| Affiliation fee AIFUCTO | 300 | 00 | Membership subscription | 40,230 | 00 |
| Printing and stationery | 5,257 | 37 | Membership subscription (arrears76–77) | 1.5C0 | 00 |
| Postage and Telegram | 3,479 | 90 | Interest on Deposits | 421 | 90 |
| Travelling expenses | 14,881 | 85 | Candidate's fee (University election) | 100 | 00 |
| Deputation expenses | 1,781 | 48 | Levy from Representatives on | | |
| Meeting expenses | 4,005 | 70 | University bodies | 845 | 50 |
| Election expenses | 650 | 70 | Seminar Balance | 293 | 19 |
| Office expenses | 1,898 | 68 | Convention Account Balance | 1,519 | 94 |
| Contingency expenses | 1,758 | 13 | | | |
| Honorarium to Auditor | 150 | 00 | | | |
| Bank charges & commission | 86 | 39 | | | |
| Legal expenses | 501 | 70 | | | |
| Old irrecoverable advances written off | 2,545 | 12 | | | |
| Excess of Income over expenditure | 7,613 | 51 | | | |
| Total | 44,910 | 53 | Total | 44,910 | 53 |

Sd/– PRESIDENT    Sd/– GEN. SECRETARY    Sd/– TREASURER    Sd/– HON. AUDITOR

# THE ALL-KERALA PRIVATE COLLEGE TEACHERS' ASSOCIATION

## Balance Sheet as on 31-12-1977

**LIABILITIES**

| | Rs. | Ps. | Rs. | Ps. |
|---|---|---|---|---|
| Capital fund | | | | |
| Balance: | 24,907 | 19 | | |
| Add. Enrolment fee | 135 | 00 | | |
| Life Membership | 600 | 00 | | |
| Add. Excess of Income over expenditure | 7, 613 | 51 | 33,255 | 70 |
| Loans: | | | | |
| 1 Syndicate Bank, Kottaym | 2,800 | 00 | | |
| 2 Syndicate Bank, Trivandrum. | 2,250 | 00 | 5,050 | 00 |
| Total | | | 38,305 | 70 |

**ASSETS**

| | Rs. | Ps. | Rs. | Ps. |
|---|---|---|---|---|
| Cash and Bank balance | | | 25,190 | 57 |
| Bank deposits | | | | |
| Fixed Deposit: | | | | |
| 1 SyndicateBank, Kottayam. | 3,146 | 00 | | |
| 2 Syndicate Bank, Trivandrum. | 3,000 | 00 | | |
| 3 State Bank of Travancore, Shertallai | 600 | 00 | | |
| 4 Pali Central Bank (under liquidation) | 801 | 97 | 7,547 | 97 |
| Typewriter and Duplicator (without depreciation) | | | 287 | 80 |
| Furniture | | | 686 | 19 |
| Office equipments | | | 86 | 12 |
| Advances recoverable | | | 4,507 | 05 |
| Total | | | 38, 305 | 70 |

Sd/-
PRESIDENT

Sd/-
GENERAL SECRETARY

Sd/-
TREASURER

Sd/-
HON. AUDITOR

# The All-Kerala Private College Teachers' Association.

## Accounts for the year ended 31-12-1977.

### Auditor's Report

I have audited the Receipts and Payments account and Income and Expenditure Account for the year ended 31-12-1977 and the Balance Sheet as on 31-12-1977 of the All-Kerala Private College Teachers' Association. I report that the above statements have been found correct as per the books of accounts of the Association and according to the information and explanations given to me subject to the following observations.

1 The system of accounting followed at present is not at all satisfactory. This was pointed out in the last audit report also. No action has so far been taken by the Association for rectifying the defects pointed out.

2 All the members of the University Bodies who represent the Association, have not paid the levy. This is against the decision of the Association. Prompt action may be taken for collecting the arrears. Arrangements may also be made for the timely collection of the levy from all the members in future.

3 Out of the convention account balance a dishonoured cheque for Rs. 100/- is included. The amount may be collected.

4 The Palghat district Council Secretary has not submitted detailed accounts for the advance received by him.

5 The Assets shown in the Balance Sheet as on 31-12-'77 are those that are taken from the last balance sheet. Neither physical verification of the assets nor verification of the asset Register was possible since asset register is not maintained by the Association.

6 An amount of Rs. 2545.12 is shown is the Income and Expenditure account as the amount written off, being irrecoverable advances. As per the explanations given by the Treasurer this was on the basis of the consensus of the last Annual Council of the AKPCTA. The Office bearers of the Association for the year 1977-78 may be directed to close their imprest money account and to handover the balances, if any, to the Treasurer before they hand over charge to the office bearers for the year 1978-79.

7 All the loans taken from Banks on the security of fixed deposit receipts may be repaid as early as possible.

8 The Fixed deposit with the Palai Central Bank may be written off.

9 It is found that certain units are collecting membership subscription from new members without enrolment fee. To what extent this has been done could not be ascertained since permanent Membership Register is not maintained by the Association.

Quilon,
18-3-1978.

Sd/-
S. SIVAN,
HON. AUDITOR

# Explanation to the Audit Report.

1 Steps will be taken to improve the accounting system.

2 Steps have already been taken for collecting the arrears of levy. All the representatives of the Association on the University Bodies are being requested to pay off their levy arrears.

3 Repeated requests have been made to Sri. N. V Krishna Varier to send us the amount of Rs. 100/- paid to him towards advance.

4 The Secretary of the Palghat District Council of the Association has reported that he will submit the detailed accounts soon.

5 An assets register will be maintained in future. Since the fixed deposit receipts were with the bank,it was not possible to make them available to the Hon Auditor for verification.

6 The advances under reference were paid long before. Since all of them left the Association years back it is not found possible to recover the amounts. Hence the State Working Committee of the Association, on the basis of the consensus of the last Annual State Council, decided to write off the amounts

7 Steps will be taken to maintain a permanent membetship register.

8 The matter will be placed before the competent body of the Association for a decision on it.

9 The Branches of the Association will be directed to strictly adhere to the relevant Rule of the Rules of the constitution of the AKPCTA.

Sd/-
President

Sd/-
Gen. Secretary.

Sd/-
Treasurer

Trivandrum,
9-3-1978

# THE ALL-KERALA PRIVATE COLLEGE TEACHERS' ASSOCIATION

## Budget for the year 1978-79

| INCOME | Rs. | Ps. |
|---|---|---|
| Opening Balance | 25,190 | 57 |
| Membership subscription | 45,000 | 00 |
| Life membership | 1,500 | 00 |
| Enrolment fee | 318 | 00 |
| Journal | 5,000 | 00 |
| Levy from repesentatives on University bodies | 1,500 | 00 |
| Grant from Universities and other agencies for Academic activities | 3,000 | 00 |
| Direct Action fund | 6,000 | 00 |
| Grants from Universities and other agencies for work shop | 10,000 | 00 |
| Workers' camp | 1,000 | 00 |
| Interest on Bank Deposits | 800 | 00 |
| Total | 99,308 | 57 |

| EXPENDITURE | Rs. | Ps. |
|---|---|---|
| Affiliation fee–AIFUCTO | 300 | .. |
| Printing and Stationery | 7,500 | .. |
| Postage and Telegram | 4,500 | .. |
| Travelling Expenses | 19,000 | .. |
| Deputation expenses | 3,000 | .. |
| Meeting expenses | 5,000 | .. |
| Direct Action expenses | 6,000 | .. |
| Election expenses | 1,500 | .. |
| Journal | 6,000 | .. |
| Workers' camp | 3,000 | .. |
| Office expenses | 2,500 | .. |
| Contingency expenses | 2,000 | .. |
| Legal charges | 2,500 | . |
| Honorarium to Auditor | 150 | . |
| Bank charges and commission | 300 | . |
| Workshop | 12,000 | |
| Academic Activities | 4,000 | |
| Fixed Deposit | 1,818 | |
| Closing Balance | 18,240 | |
| Total | 99,308 | 5 |

Sd/–
PRESIDENT

Sd/–
GENERAL SECRETARY

Sd/–
TREASURER

# AKPCTA BULLETIN

(For private circulation only)

*Chief Editor*

P. NARENDAN

*Editorial Board*

PROF. R. R. C. NAIR
P. RAVINDRANATH
GEORGE ONAKKUR

PROF. T. P. MOHAMED KUNHI
T. M. JOSEPH
PROF. T. GOPALAKRISHNAN
(Managing Editor)

*Read and Subscribe*

SUBSCRIPTION RATES

ANNUAL (For 10 issues) Rs. 5/-

Printed and Published by T. Gopalakrishnan, General Secretary AKPCTA
Chief Editor: P. Narendran. Printed at Your Printers, Kanichukulangara.